BOARD OF DIRECTORS

indian schools, sultanate of oman

# നല്ലോല

## മലയാളവിഭാഗം



# Message



***Dr. Baby Sam Saamuel***
***Chairman, Board of Directors***

Dear All,

India is a land of diversity. Like our motherland, the Indian Schools in Oman too is a beautiful mixture of cultures, languages and ideas. As children grow, especially in cities with limited interpersonal interaction, they need outlets for mental stimulation and creativity to learn and develop critical skills such as social learning.

As the Board of Directors of Indian Schools in Oman, we strive to ensure that our children receive every opportunity possible to develop, enhance & showcase their skills. Our ultimate vision and aim, captured by Vision 2020, is to ensure that every child from our schools will undergo transformative learning and be equipped with the knowledge, skills and well-being to find their identity and purpose in life.

It is thus in this light that we are launching annual E-magazines in various languages like English, Hindi, Malayalam, French, Sanskrit and Arabic to promote a love for the written word among our children.

As social animals, communication is at the heart of human experience. While other animals too signal and convey messages in some form or the other, what differentiates the human species is our ability to respond rather than react to immediate stimuli. Our ability to think & express our abstract thoughts. Our creativity in continually improving our languages. For humans, language is a cultural phenomenon that is more than just innate biology.

We hope this e-magazine

- enlightens and educates
- inspires you to express your thoughts &
- sparks a love for the language

It is thus with great pleasure that we welcome you, dear reader to the first edition of the Indian School e-magazines - a collection of stories, poems & articles written by our children & curated and edited by our school resources.

Here's the first edition, dedicated to all the amazing people who have made this magazine a reality.

So, read on, ponder and participate.

# Message



***Mr. M.P. Vinoba***
***Education Advisor, Board of Directors***

The Language magazine is yet another new initiative of the Board of Directors of Indian Schools in Oman. This novel idea of having magazines in different languages aims to encourage creative writing among the student community in the language of their interest. Through creative writing children can express their innovative ideas, emotions, thoughts etc. It helps not only in enhancing their imaginations and writing skill but also provide a platform for expressing emotions, especially for those who are hesitant to do it otherwise.

On behalf of the Board of Directors, I would like to place on record our sincere thanks to all language teachers for their invaluable support in making this dream a reality.

Our appreciation to all the young writers, who have contributed their writings to this magazine and we wish them best to become well-known writers of tomorrow.

As it is said, every long journey begins with a single step; I hope this initiative will create a lot of creative writers in days to come.

# ആമുഖം

'നല്ലോല'യിൽ നന്മയുടെയും സ്നേഹത്തിന്റെയും നറുസ്പർശമുണ്ട്. ആകാശത്തോളം വളരുന്ന ഭാവനയുടെ വസന്തമുണ്ട്. ഭാഷാപ്രയോഗങ്ങളുടെ ലാളിത്യവും സൗന്ദര്യവുമുണ്ട്. സാഹിത്യവും സമൂഹവും ഭാഷയും കലയും തമ്മിലുള്ള പാരസ്പര്യം അടുത്തറിയുവാൻ തീർച്ചയായും 'നല്ലോല' സഹായിക്കും.

വിദ്യാർത്ഥികളുടെ ആത്മപ്രകാശനശേഷി വർദ്ധിപ്പിക്കുന്നതിനും ഭാഷയെയും സാഹിത്യരൂപങ്ങളെയും അടുത്തറിയുന്നതിനും സർഗാത്മകരചനയെന്ന മികച്ച മാതൃക നിർദ്ദേശിച്ച ഇന്ത്യൻ സ്കൂൾ ബോർഡ് ചെയർമാൻ ഡോ. ബേബി സാം സർ, വൈസ് ചെയർമാൻ ഡോ. സി.എം. നജീബ് സർ, വിനോബ സർ (എജ്യൂ. അഡ്വൈസർ) എന്നിവർക്കും ഇതര മേലധികാരികൾക്കും അംഗങ്ങൾക്കുമുള്ള നന്ദി സാദരം അറിയിക്കട്ടെ. ഇങ്ങനെയൊരു പതിപ്പൊരുക്കുവാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാർഗ്ഗനിർദ്ദേശം നൽകുകയും സദാ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഡോ. അലക്സ് സർ (അസി. എജ്യൂ. അഡ്വൈസർ), സർവ്വവിദ്യാലയങ്ങളിലെയും പ്രധാനാദ്ധ്യാപകർ, ചർച്ചകളിലെ സജീവ സാന്നിദ്ധ്യം സരസൻ സർ, കല ടീച്ചർ, മലയാളവിഭാഗം വകുപ്പു മേധാവികൾ, അദ്ധ്യാപകർ എന്നിവർക്കും സർഗ്ഗരചനകൾ നൽകിയ പ്രിയ വിദ്യാർത്ഥികൾക്കും പ്രത്യേകം നന്ദി.

കൊച്ചുപ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും 'നല്ലോല' യുടെ കുരുന്നുതണലിലേക്കു സ്വാഗതം.

സ്നേഹാദരങ്ങളോടെ

ഡോ. ജിതീഷ്

# പിന്നരങ്ങ്

ഡോ. ജിതീഷ്, ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

ശ്രീ. എ. സി. സരസൻ, ഇന്ത്യൻ സ്കൂൾ, ദാർസൈറ്റ്

ശ്രീമതി. കല സിദ്ധാർത്ഥ്, , ഇന്ത്യൻ സ്കൂൾ, ദാർസൈറ്റ്

ശ്രീ. കൃഷ്ണദാസ്, ഇന്ത്യൻ സ്കൂൾ മസ്കറ്റ്

ശ്രീ. സുധീർ സി.പി, ഇന്ത്യൻ സ്കൂൾ, മാബേല

ശ്രീമതി. അനിജ ഷാജഹാൻ, ഇന്ത്യൻ സ്കൂൾ, അൽ സീബ്

ശ്രീ. ഷാജി വാഴോട്, ഇന്ത്യൻ സ്കൂൾ സലാല

ഡോ.  മാത്യു, ഇന്ത്യൻ സ്കൂൾ, വാദി കബീർ

ശ്രീമതി. ഷനില മനിയത്ത്, ഇന്ത്യൻ സ്കൂൾ, ഇബ്ര

ശ്രീമതി. ലത രാധാകൃഷ്ണൻ, ഇന്ത്യൻ സ്കൂൾ ബുറേമി

ശ്രീമതി. ദീപ റിജു, ഇന്ത്യൻ സ്കൂൾ സോഹാർ

ശ്രീമതി. ബ്രിജി അനിൽ, ഇന്ത്യൻ സ്കൂൾ, മസ്കറ്റ്

ശ്രീ. പ്രമോദ് കെ. പി, ഇന്ത്യൻ സ്കൂൾ, വാദി കബീർ

ശ്രീമതി. സ്മിത വിജയൻ, ഇന്ത്യൻ സ്കൂൾ ബുറേമി

ശ്രീ. സയ്യിദ് എം ഹസൻ, ഇന്ത്യൻ സ്കൂൾ ബുറേമി

ശ്രീ. പ്രദീപ് രാമസ്വാമി, ഇന്ത്യൻ സ്കൂൾ, മാബേല

ശ്രീമതി. രാജലക്ഷ്മി, ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

ശ്രീമതി. ഷീന ഷഹീദ്, ഇന്ത്യൻ സ്കൂൾ അൽ ഗുബ്ര

ശ്രീമതി. ആശാമോൾ, ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

ശ്രീമതി. മേരിക്കുട്ടി, ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

ശ്രീ. സുനിൽ, ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

ശ്രീമതി. ലിനി, ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര



ഐറിൻ എൽസാ ജോർജി
(ക്ലാസ്സ്. 5)
ഇന്ത്യൻസ്കൂൾ സലാലാ



ആൻ റോസ് സിബി
(ക്ലാസ്സ്. 8)
ഇന്ത്യൻസ്കൂൾ സലാലാ.





## സൗഹൃദം

പിണങ്ങിയാലും ഇണങ്ങിയാലും
അടുക്കുന്ന ചുരുക്കം ചിലർ....
സന്തോഷങ്ങളിലും വിഷമങ്ങളിലും
ഒരു പോലെ ചേക്കേറിയവർ....
ആദ്യപടി കയറുമ്പോഴും
അവസാന പടി ഇറങ്ങുമ്പോഴും
കൈപിടിച്ച് നിർത്തിയവർ....
കണ്ണുകളിൽ നോക്കി ഹൃദയമിടിപ്പിൻ
താളവ്യത്യാസം തിരിച്ചറിയാൻ കഴിവുള്ളവർ..
കരഞ്ഞു കാണിച്ചാലും മനസ്സലിയാത്ത
ഒരുപാടു പേരുള്ളപ്പോൾ കണ്ണൊന്നു-
കലങ്ങിയാൽ ഓടിയെത്തുന്ന ചിലർ....
മുഖം മനസ്സിൻറെ കണ്ണാടിയാവണമെങ്കിൽ
ആ കണ്ണാടിയിൽ ചന്തം
നോക്കാനും ചിലർ വേണം...
ജീവിതമെന്ന ആഴക്കടൽ നീന്തിക്കടക്കുമ്പോൾ
നമ്മളേക്കാൾ വിലയേറിയവർ
ജനനത്തിനും മരണത്തിനുമിടയിൽ
തൻറേതെന്നു പറഞ്ഞ്
ചേർത്തു പിടിക്കാൻ കഴിയുന്ന ചിലർ....
മുഖം നോക്കി മനസ്സു വായിക്കാൻ
കഴിയുന്നവരാണ് നാമേവരുടെയും സമ്പാദ്യം....

## നന്മ വെളിച്ചം

ആൽമരത്തിൽ ചാരിയിരുന്നു
കുഞ്ഞിക്കഥകൾ ചൊല്ലീടും
കൂ കൂ കൂ കൂ കൂകിവരുന്നൊരു
കുയിലിനെ നോക്കി കൂകീടും
ആൽമരത്തിൻ കൊമ്പിലെ കൂട്ടിലെ
കുഞ്ഞിളം കിളിയെ കാട്ടിടും
കോ കോ കോ കോ കോഴിക്കുഞ്ഞിനെ
വാരിയെടുത്തു നൽകീടും
മുറ്റത്തെ മുല്ലപ്പൂവിനെ
തലയിൽ ചൂടി നൽകീടും
മാവിലെ മാങ്ങ എനിക്കായ് മാത്രം
ചാടിക്കയറി എടുത്തീടും
എല്ലാം കഴിഞ്ഞു ഞാൻ
പോകുമ്പോൾ കണ്ണീരോടെ നിന്നീടും
വാരിപ്പൊതിഞ്ഞ് ഉമ്മകൾ നൽകി
മനം മുഴുവനും നിറച്ചീടും
ഓർമകളെല്ലാം നൽകിയെന്നെ
സ്നേഹത്താൽ തോൽപ്പിച്ചല്ലോ
എന്നും എൻറെ ഉള്ളിൽ തെളിയും
നന്മ വെളിച്ചം എൻ മുത്തച്ഛൻ.



# പ്രകൃതിയുടെ വികൃതികൾ

കീർത്തന ജോയ്
ഇന്ത്യൻ സ്കൂൾ, സോഹാർ



മഴ.... അവളുടെ സൗന്ദര്യം എല്ലാവരും ആസ്വദിച്ചു. പക്ഷിമൃഗാദികൾ നൃത്തം വച്ചു. കുട്ടികൾ കളിച്ചുല്ലസിച്ചു. എന്നാൽ പതിവുപോലെ അവൾ നിലച്ചില്ല... പ്രകൃതിയെ നോക്കുകുത്തിയാക്കി, പുഴകളും വയലുകളും നികത്തി മനുഷ്യൻ പണിത മണിമന്ദിരങ്ങൾ തിരിച്ചെടുത്ത് അവൾ തന്റെ പ്രകൃതിക്ക് വേണ്ടി സംഹാരതാണ്ഡവമാടി. രാത്രി പകൽ ഭേദമില്ലാതെ അവൾ തിമിർത്തു പെയ്തുകൊണ്ടേയിരുന്നു. അവളുടെ സൗന്ദര്യം ആസ്വദിച്ചവരൊക്കെ ഭയത്താൽ വിറക്കാൻ തുടങ്ങി. ജാതിമതഭേദമില്ലാതെ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഭേദമില്ലാതെ എല്ലാവരേയും അവൾ ആക്രമിക്കാൻ തുടങ്ങി. അവൾ കുറേ ജീവജാലങ്ങളേയും ഭവനങ്ങളെയും വിഴുങ്ങി. 'അന്യജാതിക്കാർക്ക് പ്രവേശമില്ല', 'പട്ടിയുണ്ട് സൂക്ഷിക്കുക' തുടങ്ങിയ ബോർഡുകളും അവൾ ഒഴുക്കി. പിന്നീട് എല്ലാവരും ഒറ്റക്കെട്ടായി നിന്ന് അവളെ ചെറുത്ത് തോൽപ്പിച്ചു. നാനാത്വത്തിൽ ഏകത്വം തികച്ചും അർത്ഥവത്തായത് അന്നാണ്. പക്ഷെ നാം പ്രകൃതിയെ നശിപ്പിക്കുമ്പോൾ ഓർക്കുക, എന്നെങ്കിലും അത് പ്രതികാരം ചെയ്യുമെന്ന്. പ്രകൃതിവിഭവങ്ങൾ നശിപ്പിക്കാതിരിക്കുക.അതിനെ സംരക്ഷിക്കുക.

# അക്ഷരം
## അനന്തശക്തി

അനന്തശക്തി അക്ഷരത്തി
ലുണ്ട് നേടിടാം
ഉജ്ജ്വലിക്കും അഗ്നിയാർന്ന
തേറ്റു പാടിടാം........
മാത്രമല്ല, നമ്മളീ
മഹാപ്രതിജ്ഞ ചെയ്തിടും
ഒരു മഹാ പ്രവാഹമായി
അജയ്യരായി നീങ്ങിടും.
സുപ്രഭാതമരികിലാണ്
അക്ഷരപ്പുലരിയാണ്
ഒത്ത് നാം കുതിച്ചിടേണം
എന്നുമെന്നും ശക്തരായ്.
അക്ഷരം പഠിച്ചിടേണം
അറിവ് നേടി വളർന്നിടേണം
സൂക്ഷ്മമായി പഠിച്ചു നാം
കരുത്തരായി മാറണം.

റീഹ ഫറീൻ (V C)
ഇന്ത്യൻ സ്കൂൾ, അൽ സീബ്





ഷാദിൻ സെഹൻ ഷാജഹാൻ (X)
ഇന്ത്യൻ സ്കൂൾ, മസ്കറ്റ്



# എന്റെ ഒമാൻ - എന്റെ മറ്റൊരു കേരളനാട്





എന്റെ കേരളനാട് തന്നെ - അല്ലെങ്കിൽ ഒരർത്ഥത്തിൽ കേരളനാട് എന്നു തന്നെ പറയാം. സ്വന്തം നാടിനെപ്പോലെ ഏവരേയും തന്നിലേക്ക് ആവാഹിക്കുന്ന ഒരു മാസ്മരികശക്തി ഈ രാജ്യത്തിനുണ്ട്. മാനവികതയും സ്നേഹവും സമാധാനവുമാണ് ഈ രാജ്യത്തിന്റെ മുഖമുദ്ര. ഒമാൻ ഓരോ വിദേശികളുടെ മനസ്സിലും ഇടം പിടിക്കുന്നതിൽ ഒട്ടും അതിശയമില്ല.

തെക്കുപടിഞ്ഞാറൻ ഏഷ്യയിലെ ഒരു അറബിരാജ്യമാണ് ഒമാൻ. പടിഞ്ഞാറ് സൗദി അറേബ്യയും വടക്കുപടിഞ്ഞാറ് ഐക്യഅറബ് എമിറേറ്റുകളും തെക്കുപടിഞ്ഞാറ് യമൻ എന്ന രാജ്യവും അതിർത്തികൾ പങ്കിടുന്നു. ഒമാനിലെ ഏറ്റവും വലിയ നഗരമായ മസ്കറ്റാണ് ഒമാന്റെ തലസ്ഥാനം. ഒമാൻ ഭരണാധികാരിയായ ഹിസ്സ് ഹൈനസ്സ് സുൽത്താൻ ബൂസ് ബിൻ സെയ്ദ് അൽ സെയ്ദിന്റെ ജന്മദിനമായ നവംബർ 18 രാജ്യം ദേശീയദിനമായി ആഘോഷിക്കുന്നു. അനുദിനം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് ഒമാൻ. സുസ്ഥിരമായ ഒരു ഭരണവ്യവസ്ഥക്ക് കീഴിൽ ഒമാൻ നേടിയ പുരോഗതി വിസ്മയാവഹമാണ്.

സംസ്കാരവും ചരിത്രവും പൈതൃകവും ഇഴചേർന്നതാണ് ഒമാന്റെ സാമൂഹിക പശ്ചാത്തലം. സ്വദേശികളായ ജനങ്ങൾ അതിഥിസത്കാരപ്രിയരും പെരുമാറ്റരീതികൾ കൊണ്ട് വേറിട്ട് നിൽക്കുന്നവരുമാണ്. യാത്രകൾ ഇഷ്ടപ്പെടുന്നവരാണ് നിങ്ങളെങ്കിൽ ഒമാനിലെ മനം മയക്കുന്ന കാഴ്ചകൾ നിങ്ങളെ ആവേശഭരിതരാക്കും. സാഹസികത നിറഞ്ഞതും ആനന്ദകരവുമാണ് ഒമാനിലെ വിനോദയാത്രകൾ. ആദ്യമായി ഒമാനിലെത്തുന്ന ഒരാളെ ഇവിടുത്തെ മലനിരകൾ ഒന്നമ്പരപ്പിക്കുമെങ്കിലും ദിവസങ്ങൾ കഴിയും തോറും മലനിരകളുടെ വശ്യസൗന്ദര്യത്തിന്റെ മാസ്മരികതയിൽ അയാൾ ലയിച്ചുചേരും എന്നതിൽ ഒരു സംശയവുമില്ല. മറ്റ് അറബ് രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി ശാന്തിയും സമാധാനവും നിറഞ്ഞ ഒരു നാടാണ് ഒമാൻ. എന്റെ ജീവിതയാത്രയിൽ എന്നും ഒരു തുടിപ്പോടെ, ഉണർവോടെ ഒമാൻ മറ്റ് അറബ് രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി ശാന്തിയും സമാധാനവും നിറഞ്ഞ ഒരു നാടാണ് ഒമാൻ. എന്റെ ജീവിതയാത്രയിൽ എന്നും ഒരു തുടിപ്പോടെ, ഉണർവോടെ ഒമാൻ എന്നോടൊപ്പം ഉണ്ടാകും. അത്രയേറെ ഞാനീ നാടിനെ സ്നേഹിക്കുന്നു - എന്റെ കേരളനാടിനെ പോലെ.

'അടിയനിനിയൊരു ജന്മമുണ്ടാകിലതെല്ലാം
അടിമുതൽ മുടിയോളം നിന്നിലാകട്ടെ തായെ'
എന്ന കവിവചനം ഇവിടെ അന്വർത്ഥമാകുന്നു.



# അമ്മ

നിവേദിത.എ.ആർ (ക്ലാസ്സ്:9)
ഇന്ത്യൻ സ്കൂൾ, ദാർസൈറ്റ്





അമ്മ,
ഈ അക്ഷരങ്ങളിൽ
ഉൾച്ചേർന്നിരിക്കുന്നത്
ഈ പ്രപഞ്ചം തന്നെയാണ്.
നരകത്തെ സ്വർഗ്ഗമാക്കുന്ന,
മരുഭൂമിയെ പൂകാവനമാക്കുന്ന,
കൊടും ചൂടകറ്റി
കുളിർമഴ പെയ്യിക്കുന്ന
കണ്ണീരിനെ പുഞ്ചിരിയാക്കുന്ന
ഒരു ഇന്ദ്രജാലക്കാരി!!
വെയിലും മഴയുമേറ്റ്
നമുക്കു തണലേകുന്ന
മരത്തെപ്പോലെ,
സ്വയം യാതനകൾ സഹിച്ച്
കുടുംബത്തിനു തണലൊരുക്കുന്നവൾ.
കണ്ണുനീർ ഇരുളിലൊളിപ്പിച്ച്
വെളുക്കും മുൻപുണർന്ന് ചിരിച്ചെരാത്
കൊളുത്തുന്നവൾ!

കൂരിരുട്ടത്തെ നിലവിളക്കാണമ്മ.
മരുഭൂമിയിലെ മഴയാണമ്മ.
മീനച്ചൂടിലെ മാമ്പഴമാധുരിയാണമ്മ.
ഹൃദയത്തിലെ സ്നേഹമാണമ്മ.
കൊടുംയാതനക്കിടയിലെ
പ്രതീക്ഷയാണമ്മ.
മറ്റുള്ളവർക്കായി
എല്ലാം ചെയ്തുകൊടുത്ത്
സ്വന്തം കാര്യം മറക്കുന്ന
ഒരു മറവിക്കാരി!!
ഹൃദയത്തിന്റെ
ഒരു പാതിമക്കൾക്കും
മറുപാതി കുടുംബത്തിനും നൽകി
സ്വയമൊന്നുമാകാതെ
എരിഞ്ഞുതീരുന്നവൾ!!
മറ്റുള്ളവരുടെ സ്വപ്നച്ചിറകിൽ മാത്രം
പറക്കുന്നവൾ!!
ഒരിക്കലും വെറുക്കരുത് നമ്മുടെ അമ്മയെ.
പത്തുമാസം ചുമന്ന് നൊന്തു പെറ്റ്
ജീവിത കാലം മുഴുവൻ കണ്ണിലെ
കൃഷ്ണമണി പോലെ കാത്തവൾ!!
ജീവിതം മറ്റുള്ളവർക്കായി ത്യജിച്ചിട്ടും
പരിഭവങ്ങളും പരാതികളും മാത്രം
ഭാണ്ഡത്തിൽ പേറുന്നവൾ!!
ഏതു മഹത്തായ ഗ്രന്ഥത്തെക്കാളും
മഹത്വമുള്ളവൾ.
അമ്മയെക്കുറിച്ച് എഴുതാനല്ല,
മറിച്ച് ദൈവം നൽകിയ
ഈ നിധിയുടെ സ്നേഹമനുഭവിക്കാനാണ്
എനിക്കിഷ്ടം!!

കൃഷ്ണവേണി (ക്ലാസ്സ്. 7)
ഇന്ത്യൻസ്കൂൾ, ഇബ്ര





# എന്റെ ഗ്രാമം

എനിക്ക് ഏറ്റവും പ്രിയപ്പെട്ട എൻറെ ഗ്രാമം അത് തൃശ്ശൂരിലെ ഏറ്റവും പ്രകൃതി മനോഹരമായ ഒരു ചെറിയ ഗ്രാമം ആയ "പുള്ള്" ആണ് .അമ്പലങ്ങളുടേയും പൂരങ്ങളുടേയും നാടായ തൃശ്ശൂരിലെ ഈ ഗ്രാമം എന്നും എനിക്കത്ഭുതമായിരുന്നു. ഓരോ ഒഴിവുകാലങ്ങളിലും വളരെ അത്ഭുതത്തോടെയേ എനിക്ക് എൻറെ ഗ്രാമത്തെ നോക്കി കാണാൻ പറ്റിയിട്ടുള്ളു.

ഞാൻ എന്നും ഓർക്കാൻ ഇഷ്ടപ്പെടുന്ന എൻറെ ഗ്രാമത്തിൻറെ പ്രധാന സവിശേഷത നോക്കാത്ത ദൂരത്തോളം പരന്നു കിടക്കുന്ന നെൽപ്പാടങ്ങളും അതിനിടയിൽ കാണുന്ന താമരകുളങ്ങളും ആണ്.കൊയ്ത്തുകാലം അത് എനിക്ക് എന്നും പ്രിയപ്പെട്ട കാലമാണ്. കാരണം ഒരുപാട് കൊക്കുകളും ,തത്തകളും ,പലതരത്തിലുള്ള ദേശാടനക്കിളികളും വരുന്ന സമയമാണ് അത്. പതിയെ എല്ലാവരും ഈ ഗ്രാമത്തെ പറ്റി അടുത്ത കാലത്തായി അറിയാൻ തുടങ്ങിയിരിക്കുന്നു.കാരണം പരന്നു കിടക്കുന്ന പാടത്തിനടുത്തായി മലയാള സിനിമയിലെ പ്രശസ്ത സിനിമാനടി മഞ്ജുവാര്യരുടെ ' വാര്യം' പിന്നെ അതിനോട് കൂടിയുള്ള അമ്പലവും തന്നെ ആണ്. അത് മഞ്ജുവാര്യരുടെ ഗ്രാമം കൂടിയാണ്.അതുകൊണ്ടു തന്നെ ഈ വർഷത്തെ കലോത്സവം നടക്കുന്ന തൃശ്ശൂരിൽ എൻറെ ഗ്രാമം എല്ലാവരുടേയും ശ്രദ്ധ പിടിച്ചുപറ്റി.

ജീവിതം എന്തെന്നും നല്ല മനുഷ്യനായി വളരുന്നതെങ്ങനെ എന്നും എപ്പോഴും പഠിപ്പിച്ചു തരുന്ന ഈ ഗ്രാമം എനിക്ക് എന്നും എപ്പോഴും പ്രിയപ്പെട്ടതാണ്. . അവിടേക്കു പോകുവാൻ എനിക്ക് ഏറെ ഇഷ്ടമാണ്. എൻറെ ഗ്രാമമായ പുള്ളിലേക്കു തിരിച്ചു പോകുവാൻ ഒഴിവുകാലത്തിനായി കാത്തിരിക്കുകയാണ്.



# കാടിന്റെ മക്കൾ

മീനാക്ഷി പ്രമോദ്, ക്ലാസ് 8 I
ഇൻഡ്യൻ സ്കൂൾ വാദി കബീർ



വേദന തിന്നുന്ന കാടിന്റെ നൊമ്പരം
കാടിന്റെ മക്കൾക്കും കേൾക്കാം
നീറിപ്പുകയുന്ന മണ്ണിന്റെ മർമ്മരം
മനസ്സുള്ള മക്കൾക്കുമറിയാം
കാടിന്റെ മക്കളും നാടിന്റെ മക്കളും
ഒന്നിച്ചു പാർക്കുമീ ലോകം
എന്തിനെയും തൻ ഭക്ഷണമാക്കുന്ന
മാനവർക്കെല്ലാം സമാനം



# കുട്ടികളും കാർട്ടൂണുകളും

ആനിയ മരീന ഷോളി (VIII)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര ഇന്റർനാഷണൽ



കുട്ടിക്കാലത്തെ നമ്മുടെ ഏറ്റവും നല്ല കൂട്ടുകാരായിരുന്നു കാർട്ടൂൺ കഥാപാത്രങ്ങൾ. നാം അവരെ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. ഇഷ്ടമുള്ള കാർട്ടൂൺ പരിപാടികൾ കാണാൻ എത്ര സമയം കാത്തിരിക്കാനും നാം തയ്യാറായിരുന്നു. അവ നമുക്കു നൽകിയിരുന്ന സന്തോഷം പറഞ്ഞറിയിക്കാൻ വയ്യാത്തതായിരുന്നു. മിക്കി മൗസ്, ഡൊണാൾഡ് ഡക്ക്, ടോം ആന്റ് ജെറി തുടങ്ങിയ അനേകം കഥാപാത്രങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും ഒഴിച്ചു നിർത്താൻ കഴിയാത്തവ ആയിരുന്നു.

കുട്ടിക്കാലത്ത് ഈ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും പ്രവർത്തികളും നിറഞ്ഞ ഒരു സാങ്കൽപിക ലോകം നാം പണിതുയർത്തിയിരുന്നു. കാർട്ടൂണുകൾ കുട്ടികളെ രസിപ്പിക്കുക മാത്രമല്ല അവരുടെ ഭാവനകളെ ഉണർത്തുകയും അവരെക്കൊണ്ട് നൃത്തം ചെയ്യിക്കുകയും ചെയ്യുന്നു. ചെറിയ പ്രായത്തിൽ കുട്ടികൾ വലിയ കഥകൾ കേൾക്കാൻ ക്ഷമ കാണിക്കാറില്ല. എന്നാൽ കാർട്ടൂൺ കാണാൻ അവർക്കു താൽപര്യമാണ്. കാർട്ടൂൺ അവരുടെ ഭാവനയെ ഉണർത്തുക മാത്രമല്ലപുതിയ ഭാഷകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. കാർട്ടൂൺ കഥാപാത്രങ്ങളുടെ സംഭാഷണാങ്ങൾ മിക്കപ്പോഴും കുട്ടികൾ ഹൃദിസ്ഥമാക്കിയിരിക്കും. ഉദാഹരണത്തിന് 'ഐ ആം ദി കിങ് ഓഫ് ഫോറസ്റ്റ്, ടാർസൻ'. 'ബൈ ദി പവർ ഓഫ് ഗ്രെസ്കൾ, ഐ ഹാവ് പവർ'തുടങ്ങിയ സംഭാഷണഭാഗങ്ങൾ കുട്ടികൾ പറഞ്ഞു നടക്കുന്നത് നാം ശ്രദ്ധിച്ചിരിക്കുമല്ലോ.



കാർട്ടൂണുകൾ നേരമ്പോക്കു മാത്രമല്ല. ചില മൂല്യവത്തായ പാഠങ്ങൾ അവ കുട്ടികൾക്ക് പകർന്നു നൽകാറുണ്ട്. ഉദാഹരണത്തിന് പെപ്പ പിഗ് കുട്ടികൾക്ക് സൗഹൃദങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചും വ്യത്യസ്ത വ്യക്തിത്വങ്ങളെ എങ്ങനെ ഉൾക്കൊള്ളണം എന്നതിനെക്കുറിച്ചുംഅറിവു നൽകുന്നു. കൂടാതെ പ്രകൃതിയുമായി ഇണങ്ങിച്ചേരാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. 'സ്ട്രോബറി ഷോർട്ട്കേക്കും'' മൈലിറ്റിൽ പോണിയും' സൗഹൃദങ്ങളൂടെ പ്രാധാന്യത്തെകുറിച്ച്പറയുന്നു. വാൾട്ട് ഡിസ്നി പ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമിക്കപ്പെട്ട ചില കാർട്ടൂൺ കഥാപാത്രങ്ങൾജീവിതത്തിൽ നാം സത്യസന്ധരായിരിക്കണമെന്ന സന്ദേശം കുട്ടികൾക്ക് നൽകുന്നു.

ആൺകുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ട കാർട്ടൂൺ സിനിമകളാണ് പിക്സാർ കാർ ഫിലിം സീരീസ്. ദീർഘകാല സൗഹൃദങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ഇവ കുട്ടികളെ ബോധവാന്മാരാക്കുന്നുണ്ട്. കുങ് ഫു പാണ്ഡ എന്ന കഥാപാത്രം വിജയത്തിലേക്ക് എളുപ്പവഴികളൊന്നും ഇല്ല എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നുണ്ട്. സമൂഹത്തിൽ കാലാകാലങ്ങളായിട്ടുള്ള മാറ്റങ്ങൾ കാർട്ടൂണുകൾ അടയാളപ്പെടുത്തിയിട്ടുണ്ട്. ചില കാർട്ടൂണുകൾ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നവയാണ്. മുതിർന്നവർക്കും കുട്ടികൾക്കും ഒരു പോലെ ആസ്വദിക്കാൻ കഴിയുന്ന കാർട്ടൂണുകൾ ഇന്ന് ആഗോളതലത്തിൽ പ്രചാരത്തിലുണ്ട്. കാർട്ടൂണിന്റെ വിശാലമായ ലോകം നമുക്കു തുറന്നു തന്ന വാൾട്ട് ഡിസ്നി, ബ്ലാക്ടൺ പോലുള്ള ആളുകൾക്ക് നന്ദി. അവരുടെ സംഭാവനകൾ നമ്മുടെ ലോകം സുന്ദരമാക്കി. മിക്കി മൗസ്, ബഗ്സ് ബണ്ണി,ഡൊണാൾഡ് ഡക്ക്, ഇവരൊന്നുമില്ലാത്ത ലോകത്തെ കുറിച്ച് ആലോചിക്കാനൊക്കുമോ? എന്തൊരു വിരസമായ ചിന്തയാണത്. നമുക്കു പരിചിതമെങ്കിലും അല്ലെങ്കിലും കാർട്ടൂണുകൾ അവിടെയുണ്ട്. അവ നമ്മെ പഠിപ്പിക്കുകയും നയിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു.





നിദ ഫാത്തിമ (VI E)
ഇന്ത്യൻ സ്കൂൾ, അൽ മാബേല

# വാത്സല്യം



ആരംഭം കുറിച്ചതെപ്പോഴെന്നറിയില്ലയെൻ
ഹൃദയത്തിൽ മാതൃസ്നേഹം.
ജീവന്റെ തുടിപ്പിന് സംരക്ഷണം
നൽകുവാനാകാതെ പകച്ചുനിൽക്കുമറി-
വില്ലാ പൈതൽ പോൽ.
ഒടുവിലാ സംരക്ഷണത്തിനവസരം
വന്നതെന്നിൽനിന്നും പറിച്ചെടുത്തു.
ദൈവമേയെൻ ജീവന്റെ തുടിപ്പ്.
സഹിക്കുവാൻ കഴിയാത്തൊരമ്മതൻ
മനസ്സ് കണ്ണീർപൊഴിച്ച് വിലപി-
ച്ചൊരുനോക്ക് കാണുവാൻ....
കുഞ്ഞിക്കണ്ണുകളടച്ചു നീളമുള്ള കൈ-
വിരലുകളിൽ കണ്ണുകളോടിക്കവേ-
യെൻ ശൂന്യമായ ഹൃദയം
സ്തംഭിച്ചതെന്തേയിപ്പോൾ.
ഒന്നു തലോടുവാനാവാതെ കോരി-
യെടുത്താ നെറുകയിലൊന്നു മുത്താതെ
നിശ്ചലമായതെന്തേ....?
നീറിടുന്നിന്നുമെൻ ഹൃദയമ-
പ്പൈതലിന്നോർമ്മകളിൽ.



ഡെനി ജോസഫ്
ജോർജ്ജ് (IV)
ഇന്ത്യൻ സ്കൂൾ, അൽ സീബ്

## മഴ

ചല പില  ചല പില മഴ പെയ്യുമ്പോൾ
ചുറ്റി നടക്കാൻ എന്തു രസം!
കുതിച്ചു പായും ചെളി വെള്ളത്തിൽ
തുള്ളിച്ചാടാൻ എന്തു രസം !
എല്ലാം രസമാണെങ്കിലും
ദോഷം വരുമേ ജലദോഷം



നിയ ഫാത്തിമ IV)
ഇന്ത്യൻ സ്കൂൾ, അൽ സീബ്

## കാറ്റ്

പൂക്കളിൽ തട്ടി വരുന്ന കാറ്റേ
പൂമണം കൊണ്ടു തരുന്ന കാറ്റേ
ഇവിടെ ഈ മുറ്റത്തു വന്നു പോകും
കരളിലായ് മുത്തം തന്നു പോകും
നിന്നെയെടുത്തുമ്മ വെയ്ക്കാൻ
നിന്നോടൊപ്പമൊന്നു പറന്നുയരാൻ



ആദില ഫാത്തിമ (IV)
ഇന്ത്യൻ സ്കൂൾ, അൽ സീബ്

## മഴവില്ല്

മാളൂനുണ്ടൊരു മഴവില്ല്
മാനത്തുള്ളൊരു മഴവില്ല്
മാനം മേലേ കേറാനും
മാമല മേലേ ആടാനും
മഞ്ഞപ്പട്ട് വിരുത്താനും
മഞ്ഞപ്പൊട്ട് കുത്താനും
മാളു വരച്ചൊരു മഴവില്ല്
മണിവില്ലിൽ തീർത്തൊരു മഴവില്ല്

നേഹ ബിനു (VII)
ഇന്ത്യൻ സ്കൂൾ, അൽ സീബ്

## മഴ

മഴ.... ഹായ് .... മഴ
മണ്ണിന്റെ മണം എങ്ങും  പരന്നു.
പുഴകൾ തുള്ളി തുളുമ്പുന്നു.
കുടയും ചൂടി ഞാനും
മയിലുകൾ നൃത്തം ചെയ്യുന്നു
കുയിലുകൾ പാടുന്നു
ഏഴു നിറവുമായി മഴവില്ലു വിരിയുന്നു
കാറ്റിൽ മരങ്ങൾ ആടിയുലയുന്നു
മഴത്തുള്ളിയാൽ  പൂക്കൾ തളർന്നു
വീഴുന്നു
ഇങ്ങനെ മഴ... എന്നെന്നും മനസ്സിൻ
കുളിർമ്മ.



**ആഞ്ജലിൻ തെരേസ വിൻസൻറ് (VI)**
**ഇന്ത്യൻ സ്കൂൾ, അൽ സീബ്**

## സഹായഹസ്തം

അന്നൊരു ഞായറാഴ്ച ആയിരുന്നു. കൂട്ടുകാരികളെല്ലാം സന്തോഷത്തോടെ നിഷയുടെ വീട്ടിൽ ഒത്തുചേർന്നു. അവർ പലതരം കളികളിൽ ഏർപ്പെട്ടു. സ്കൂൾ വാർഷികത്തിന് അണിയുവാനുള്ള പുത്തൻ ഉടുപ്പുകൾ തയ്ക്കുന്നത് നിഷയുടെ അമ്മയാണ്. അവർ കുട്ടികളെ വിളിച്ച് അളവെടുത്തു. പുത്തൻ തുണിത്തരങ്ങൾ തിരിച്ചും മറിച്ചും നോക്കി. ഇതുകണ്ട് നിഷയുടെ മുഖം വാടി. കൂട്ടുകാരികൾ കാരണം തിരക്കി. 'എനിക്കുമാത്രം പുത്തനുടുപ്പില്ല.' അവൾ സങ്കടത്തോടെ പറഞ്ഞു. അവർ അവളെ ആശ്വസിപ്പിച്ചു. എല്ലാവരും വീണ്ടും കളി തുടർന്നു. നിഷയുടെ അമ്മ എന്തോ തീരുമാനിച്ച് അകത്തേക്ക് പോയി.

പിറ്റേന്ന് വീണ്ടും അവർ നിഷയുടെ വീട്ടിൽ ഒത്തു ചേർന്നു. ഉച്ചയോടെ നിഷയുടെ അമ്മ ഉടുപ്പുകൾ എല്ലാം തയ്ച്ചെടുത്തു. കുട്ടികളെല്ലാവരും സന്തോഷത്തോടെ പുത്തൻ ഉടുപ്പുമായി വീട്ടിലേക്ക് മടങ്ങി. നിഷയുടെ അമ്മ അതുവരെ തയ്ച്ചുകൊടുത്ത ഉടുപ്പുകളുടെ ബാക്കിയുള്ള തുണിക്കഷണങ്ങൾ എടുത്ത് ഭംഗിയായി ക്രമീകരിച്ചു. അവ ചേർത്തുവച്ച് ഒരു കുഞ്ഞുടുപ്പ് തയ്ച്ചു. വിവിധ വർണങ്ങളിലുള്ള അതിമനോഹരമായ ഒരു ഉടുപ്പ്. പിറ്റേന്ന് സ്കൂൾ വാർഷികമാണ്. സ്കൂളിൽ പോകുവാൻ നിഷ ഉടുപ്പ് തിരയുന്നു. അവർ മെല്ലെ നിഷയുടെ അടുത്തെത്തി. അവളെ കെട്ടിപ്പിടിച്ചു. പുത്തൻ ഉടുപ്പ് സമ്മാനിച്ചു. ഇത് കണ്ട നിഷ സന്തോഷത്താൽ തുള്ളിച്ചാടി. അവരിരുവരും ഒരുങ്ങി വാർഷികത്തിന് സ്കൂളിലെത്തി. കൂട്ടുകാരികളെല്ലാം അവളുടെ പുത്തനുടുപ്പ് കണ്ടു. അവർക്ക് സന്തോഷമായി. ഇത് കണ്ടുനിന്ന അമ്മമാരുടെ കണ്ണുകൾ ഈറനണിഞ്ഞു.



**നിരഞ്ജന സജിത്ത് (VIII B)**
**ഇന്ത്യൻ സ്കൂൾ, അൽ മാബേല**



## വേനൽക്കാലം

ഇല കൊഴിഞ്ഞ വേനൽക്കാലം
വരണ്ടുണങ്ങിയ ഭൂമീദേവി.
ഒരിറ്റു ദാഹജലത്തിനായി-
കാത്തുനിൽക്കുന്ന നെൽപ്പാടങ്ങൾ.
കുത്തിയൊഴുകാനാകാതെ
ഇഴഞ്ഞു നീങ്ങുന്നപുഴകൾ.
നീന്തിത്തുടിക്കുവാൻ മറ്റിടങ്ങൾ -
തേടിപ്പോകുന്ന ചെറുമീനുകൾ.
കൂടെ വരട്ടെ എന്നു ചോദിക്കുന്ന
ചെറുതവളകൾ.
തിരികെ വരാം എന്ന വാക്കു-
മായി പറന്നു പോയ കൊക്കുകൾ.
എല്ലാവരാലും ഒറ്റപ്പെട്ടു പോയ-
പുഴയോരത്തെ ഇലകൊഴിഞ്ഞ മരം.
ഒന്നു കാതോർത്താൽ കേൾക്കാം
ദൂരെ കാർമേഘത്തിന്റെ ഇരമ്പലുകൾ.
വരാൻ പോകുന്ന മഴയെ വിളി-
ച്ചോതുന്ന പോലെ..........
വരും...............മഴ വരും.............
പൊള്ളുന്ന വേനലിനെ തണുപ്പിക്കാൻ
വരും.............. മഴ വരും......................





**ധ്യാൻ സായൂജ്** (ക്ലാസ്സ്. 7)
ഇന്ത്യൻസ്കൂൾ, ഇബ്ര



## നാട്ടുമാമ്പഴം

കിണറിൻ അരികിൽ മുത്തച്ഛൻ നട്ടൊരു തൈമാവിൽ
മാമ്പഴം കണ്ടെൻറെ കണ്ണഞ്ചിയപോൽ
ഇന്നീ കടയിലെ മാമ്പഴം കണ്ടെൻറെ
മനമൊന്നു തുടിക്കാത്തതെന്തേ?..
നാട്ടുമാമ്പഴം അന്നെൻറെ നാവിൽ
തീർത്ത മധുരിമയെന്തേ
ഈ നഗര മാങ്കനി നേരാത്തൂ..
പിശുക്ക് കാണിപ്പൂ...
പാടത്ത് വരിനെല്ലിൻ കതിരാടും നേരം
തുള്ളുന്ന തുമ്പിയെപോലെ..
കൂട്ടുകാരോടൊത്തു തുള്ളിക്കളിച്ചു ഞാൻ
പാട്ടൊന്നു പാടിയപ്പോൾ
വരികളിലൂറിയ തേൻ തുള്ളിയായ്
അന്നാ തൊടിയിലെ മാമ്പഴം
ഇനി അതോരോർമ്മ മാത്രം
അത് വെറും ഓർമ്മ മാത്രം...
ഏതോ മഴുവിൻ വായ്ക്കിരയായത്
വീണുപോൽ കഴിഞ്ഞൊരുനാൾ.



**അന്ന സാബു** (ക്ലാസ്സ്. 9)
ഇന്ത്യൻസ്കൂൾ, ഇബ്ര



## ജീവിതവിജയം

ശില്പി കണ്ടൊരു കല്ല്
വികൃതമായൊരു കല്ല്
കല്ല് കയ്യിലെടുത്തു
എന്തു സുന്ദരശിൽപം
എന്ന് ശില്പി പറഞ്ഞു
ശില്പി പണി തുടങ്ങി
കൊതി മാറ്റി ഭാഗം
അതൊരനാവിശ്യ ഭാഗം
കല്ലു കൊത്തി പൊട്ടിച്ചു
തീർത്തു കല്ലിൻ ശിൽപം
സുന്ദരമായൊരു ശിൽപം
വികൃതമായൊരു കല്ല്
ഇന്ന് മനോഹര ശിൽപം
ഇതാണു നമ്മുടെ ജീവിതം
ദുർഘടമാകും പാതയിൽ
കഷ്ടപ്പാട് മാത്രം
പരിശ്രമത്താൽ നമ്മൾ
കൊത്തിയെടുപ്പൂ...ജീവിതം
സുന്ദരമായൊരു ജീവിതം



# സ്നേഹകുടീരം

സഫ ഹൈദർ അലി (ക്ലാസ്സ് 6 )
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര



സ്നേഹം അതൊരു വാക്കല്ല
സ്നേഹമൊരു പുഞ്ചിരിയാണ്
സ്നേഹമില്ലെങ്കിൽ ജീവിതമില്ല
തേനിൻെറ മധുരം പോലെ
കാറ്റിൻെറ കുളിരു പോലെ
അതൊരു മധുര സ്വപ്നം പോലെ.
എല്ലാ ജീവജാലങ്ങളും പരസ്പരം
സ്നേഹിച്ചീടണം
കൂട്ടുകാരേ നിങ്ങൾ ഓർത്തീടേണം
രുചിച്ചിടേണം സ്നേഹത്തിൻ മധുരിമ.
അറിവു പകർന്നീടും അധ്യാപകർ
സ്നേഹത്തിൻ വെളിച്ചമാണ്.
ജീവിതപാതയിൽ ശക്തിപകർന്നീടും
അച്ഛനുമമ്മയും
സ്നേഹത്തിൻ നിറകുടമാണ്
സ്നേഹത്തിനു പകരം വയ്ക്കാൻ
മറ്റൊന്നുമില്ല



---



# സന്തോഷം പകരട്ടെ

പൂന്തോട്ടത്തിൽ പുഞ്ചിരിച്ചിരിക്കുന്ന പൂക്കൾ
വ്യത്യസ്തമായ പൂക്കൾ കണ്ട് എൻെറ-
കണ്ണുകൾ മയങ്ങി......
ശലഭത്തിൻെറ കൂടെ പറന്ന ഞാൻ
പൂന്തോട്ടത്തെ ആസ്വദിച്ചു.
സുഗന്ധം പകരുന്ന കാറ്റിൽ
ആടിയുലയുന്ന ചെടികൾ
നിറഞ്ഞു നിൽക്കുന്ന പൂക്കളെക്കണ്ട്
എൻെറ മനസ്സിൽ സന്തോഷം ഉയർന്നു
പകരട്ടെ, പകരട്ടെ മനം നിറയെ
സന്തോഷം പകരട്ടെ....

സ്വാതി ലക്ഷ്മി.എം. (VII.K)
ഇന്ത്യൻ സ്കൂൾ, മസ്കറ്റ്



# കല്പതരുവിനെ മറക്കരുത്

സ്റ്റെഫ്നാൻ കെ.ഷാജി (ക്ലാസ്സ്. 7 ഡി)
ഇന്ത്യൻസ്കൂൾ സലാലാ.




മലയാളി ഭൂമിയിലുള്ള കാലത്തോളം മലയാളം നശിക്കില്ല എന്ന ചൊല്ല് നമ്മുടെ തെങ്ങ് എന്ന കല്പവൃക്ഷത്തിനും ചേരുന്നതായിരുന്നു.പക്ഷേ ഇന്ന് ആശങ്കയുടെ നിഴൽപരത്തുന്ന ഒരവസ്ഥ നമ്മുടെ സ്വന്തം കല്പതരുവിനു വന്നുകഴിഞ്ഞുവെന്ന് നിസ്സംശയം പറയാം.

തെങ്ങ് ഭൂമിയിലെ കല്പവൃക്ഷം ആകാൻ കാരണം എന്തെന്ന് കൂട്ടുകാർക്കെല്ലാം കേട്ടറിവുണ്ടാകുമല്ലോ. ഇല്ലെങ്കിൽ ഞാൻ പറയാം. ചോദിക്കുന്നതെന്തു നൽകുന്ന മരമായിട്ടാണല്ലൊ പൗരാണികഗ്രന്ഥങ്ങളിൽ കല്പവൃക്ഷത്തെ പരാമർശിക്കുന്നത്.ദേവേന്ദ്രൻറെ നന്ദനവനത്തിലെ കല്പതരുവിനെപ്പോലെ ദൈവം അറിഞ്ഞു മലയാളിക്കു നൽകിയ വൃക്ഷകുമാരനാണ് തെങ്ങ്.

പീലി വിടർത്തിയാടുന്ന കേരനിരകൾകവി മനസ്സിൻറെ ഭാവനയ്ക്കു നിറം കൂട്ടുന്നതാണ്. എത്ര ക്ഷീണവും ദാഹവും ഉണ്ടാകുമ്പോഴും മലയാളി തേടിപ്പോ കുന്നത് കൽപതരുവിൻറെ ഇളനീർ എന്ന വരദാനമാണ്. ഇന്നു ലോകവിപണിയിലെ ഏതു വമ്പൻ എനർജിഡ്രിങ്ക്സിനെയും വെല്ലുവിളിക്കാൻ കരുത്തുണ്ട് നമ്മുടെ ഇളനീരിന് എന്നത് ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ള താണ്.വെളിച്ചെണ്ണയും തേങ്ങയും മലയാളിയുടെ ഭക്ഷണ ത്തിൽ ലയിച്ചു ചേർന്നിട്ട് നൂറ്റാണ്ടുകളായി. വെളിച്ചെ ണ്ണയുടെ ഔഷധസിദ്ധി ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ള താണ്. ഗ്ലോബലൈസേഷൻറെ മറവിൽ മലയാളി വെളിച്ചെ ണ്ണയുടെ സ്നിഗ്ദ്ധതയെ മറന്ന് വൈദേശിക എണ്ണകളിൽ ചേക്കേറിയതോടെ നമ്മുടെ നാടിൻറെ ഐശ്വര്യചിഹ്നമായ കല്പതരുവിൻറെ ശനിദശ ആരംഭിച്ചു.വെളിച്ചെണ്ണയെ പാ ടെ മറന്ന നാം,തേങ്ങയിടാൻ ആളിനെ കിട്ടാതായതോടെ തെങ്ങിനെയും മറക്കാൻ തുടങ്ങി. ഓലമേഞ്ഞകുടിലുകൾ മാർബിൾ പതിച്ച സൌധങ്ങളായി മാറാൻ തുടങ്ങിയതോടെ, വൃദ്ധജനങ്ങളോടുള്ള അവഗണന പോലെ കല്പവൃക്ഷത്തെയും നാം അനാഥത്വത്തിൻറെ ദുഃഖത്തി ലേക്കു തള്ളിയിട്ടു. .



അപ്പോഴും മലയാളി അവൻറെ അഭിമാനസ്തംഭമായ തെങ്ങിൻറെ കുലം അറ്റു പോകുന്ന തരത്തിലുള്ള ചുവടുവയ്പുകളുമായി മുന്നേറി. അവൻ ജീവിതവിജയം നേടിയതായി അഭിമാനം കൊണ്ടു. വിപണിയിൽ കുതിച്ചെത്തിയ റബ്ബറിൻറെ വാണിജ്യമൂല്യം മലയാളിയെ ഉന്മത്തനാക്കി.റബ്ബർ കറയിൽ നിന്ന് കിട്ടിയ സമ്പത്തുകൊണ്ട് വമ്പൻ മണിമന്ദിരങ്ങൾ കെട്ടിപ്പൊക്കി. ഒടുവിൽ തെങ്ങിനെ മറന്ന മലയാളി വൻപ്രളയത്തിൽ എല്ലാം ഒലിച്ചുപോയപ്പോൾ, കുടിക്കാൻ ഒരിറ്റ് ഇളനീരിനായി, വിരിച്ചുകിടക്കാൻ ഒരോലക്കീറിനായി, തീപൂട്ടാൻ ഒരു തുണ്ടുചൂട്ടിനായി തെങ്ങിനെ തേടിയിരിക്കാം.

അപ്പോഴും തൻറെ യജമാനവർഗത്തോട് ഒട്ടും പരിഭവമില്ലാതെ നെറുകയിൽ ഇളനീർക്കുടങ്ങളുമായി പീലിതാഴ്ത്തി ആശ്വാസത്തിൻറെ തണലായി അതു നിന്നു; വരും തലമുറയ്ക്കു തന്നെ വേണമെന്ന പ്രത്യാശയോടെ.

# മഴ

ആദിത്യദേവ് വിനോദ് (VII.N)
ഇന്ത്യൻ സ്കൂൾ, മസ്കറ്റ്





മഴ വന്നു.....
മഴ വന്നു....
സൈ്വരത്തോടെ കളിക്കാലോ....
എന്തു സുഖം.....എന്തു സുഖം
മഴയിൽ കുളിക്കാനെന്തു സുഖം!
നല്ല രസം.....നല്ല രസം...
മഴയിൽ കളിക്കാനെന്തു രസം!
അടുത്ത മഴയ്ക്കായ് കാത്തിരിക്കാം....
സുഖനിദ്ര......ശുഭനിദ്ര.........



# പ്രളയക്കെടുതി



മണ്ണുറഞ്ഞ വീടുകൾ
കവിഞ്ഞൊഴുകും നദികളും
എങ്കിലും എന്തിലും
എന്റെ നാട് ഉറച്ചുനിന്നു.

ആയിരം വഞ്ചികൾ
ഹെലികോപ്റ്ററുകൾ
വിശപ്പിന്റെ വിളിയുമായ്
ലക്ഷോപലക്ഷം ജനങ്ങൾ
കരയുന്ന കുഞ്ഞുങ്ങൾ
ജീവനായ് കേഴുന്ന മർത്യൻ.

പ്രളയം വിഴുങ്ങിയ
ഭൂമിയിലിനിയും
ജീവന്റെ നാമ്പുകൾ മുളച്ചിടേണം,
അതിലൊരു വസന്തം പൂവണിയേണം
ആയിരം സ്വപ്നങ്ങൾ യാഥാർത്ഥ്യമാകണം.

ഹംദാൻ ബിൻ ഷാ (ക്ലാസ്–5)
ഇന്ത്യൻ സ്കൂൾ, അൽ സീബ്



മാർട്ടിൻ ബിജു (ക്ലാസ്–5)
ഇന്ത്യൻ സ്കൂൾ, അൽ സീബ്

# രോദനം

അമ്മതൻ മാറോട് ചേർന്നുറങ്ങും
ആരോമൽ പൈതലേ....
അറിയുന്നുവോ നീ അവനിതൻ രോദനം!

ഊഞ്ഞാലിലാടി ഉറങ്ങുമെൻ ഉണ്ണീ
ആരോമൽ പൈതലേ....
അറിയുന്നുവോ നീ അവനിതൻ രോദനം!

കള്ളവും ചതിയും കാപട്യവും
ഇഎല്ലാം പലവിധമിന്നുപാരിൽ,
സ്നേഹവും ശാന്തിയും ത്യാഗവുമെല്ലാം
സ്വപ്നങ്ങളിൽ മാത്രം.

പ്രളയവും ദുരിതവും പട്ടിണിയും
പ്രകൃതി തന്നുടെ പ്രതിഷേധ വാക്കുകൾ;
മർത്യപ്രവൃത്തിയിൽ മനംനൊന്ത രോദനം
പ്രകൃതിതൻ തീരാരോദനം.

ഉറങ്ങി വളരുക നീയെന്നോമനേ
നിന്നിലെ നന്മകൾ ഉലയാതിരിക്കട്ടെ;
നിൻ കരങ്ങൾ പൊന്നായിരിക്കട്ടെ
നിന്നമ്മതൻ മനം ശാന്തമായിരിക്കട്ടെ.



*ഷാദിൻ സെഹൻ ഷാജഹാൻ (X K)*
*ഇന്ത്യൻ സ്കൂൾ, മസ്കറ്റ്*



# അമ്മ

ജന്മം തന്നയെൻ പൊൻ അമ്മെ,
നിൻ തോളിൽക്കിടന്നതോർമ്മയില്ലെങ്കിലും,
നീ സഹിച്ച ത്യാഗങ്ങൾ മറക്കുകില്ല ഞാൻ!
ആദ്യമായി ഞാനുച്ചരിച്ച വാക്ക് നീയാണെങ്കിൽ,
എൻെറ അവസാനവാക്കും നീ തന്നെ!
നീ പാടിയ താരാട്ടുപാട്ടെനിക്കോർമയില്ലെങ്കിലും,
നീ ഉറങ്ങാതെ തള്ളിനീക്കിയ രാവുകൾ മറക്കുകില്ല ഞാൻ!
ആദ്യത്തെയെൻ ചുവടുകൾ നിന്നടുക്കലേക്കായിരുന്നെങ്കിൽ,
അവസാനചുവടുകൾ നിനക്കിതാ കടപ്പെട്ടിരിക്കുന്നു ഞാൻ!
നീ ചെയ്തതൊന്നും ചെയ്തില്ലായിരുന്നുവെങ്കിൽ,
ഞാനെന്ന ജീവൻ വ്യർഥമായേനെ!
ഞാൻ എത്രയും ഉയരത്തു പറന്നുവെന്നാൽ,
എൻെറ ചിറകുകൾ നീ തന്നെ നിസ്സംശയം!
ഞാൻ സുഗമമായക്കരക്കെത്തിയാൽ,
എൻെറ തോണി നീ തന്നെ നിസ്സംശയം!
പറഞ്ഞാൽ തീരില്ല, പറയാതിരിക്കാനാവില്ല,
ഈ ലോകം നിനക്ക്, നിനക്കു തുല്യം!
ജന്മം തന്നയെൻ പൊൻ അമ്മെ,
നീ സഹിച്ച ത്യാഗങ്ങൾ മറക്കുകില്ല ഞാൻ!
മറക്കുകില്ല ഞാൻ............!!!



# ജീവിതത്തിൽ ഒരിക്കലും പരാജയപ്പെടാൻ പാടില്ല

എസ്സ്. ലക്ഷ്മി റോജ്
(ക്ലാസ്സ്. 7)
ഇന്ത്യൻസ്കൂൾ സലാലാ.



ഒരിക്കൽ ഒരു കുട്ടി മല കയറാൻ തുടങ്ങി. ആ കുട്ടിയുടെ ജീവിതാഭിലാഷമായിരുന്നു ആ മലയുടെ ഏറ്റവും മുകളിൽ എത്തുക എന്നത്. അവൾ വളരെയധികം പ്രയാസത്തോടെ കയറാൻ തുടങ്ങി. അപ്പോൾ മലയുടെ മുകളിൽ നിന്നും കല്ലുകൾ താഴോട്ട് ഉരുളാൻ തുടങ്ങി. ഒരു കല്ല് താഴോട്ട് അവളുടെ അടുത്തേക്കു വന്നുകൊണ്ടി രുന്നു. അവൾക്കു ആ കല്ലിൽ നിന്നും രക്ഷപ്പെടാൻ സാധിച്ചില്ല. അവൾ തെന്നി താഴോട്ടു വീണു. അവിടെ കിടന്ന് അവൾ വിചാരിച്ചു ഇനി എനിക്ക്



മലമുകളിൽ കയറാൻ കഴിയില്ല എന്ന്. പെട്ടെന്ന് അവൾക്കു തോന്നി വീണ്ടും മുകളിലേക്കു കയറാമെന്ന്. അവൾ മുകളിലേക്കു കയറി. അപ്പോഴും കല്ലുകൾ താഴേക്കു പതിച്ചുകൊണ്ടേ യിരുന്നു. പക്ഷേ അതിൽനിന്നെല്ലാം രക്ഷപ്പെട്ട് മുകളിലോട്ട് കയറാൻ തുടങ്ങി. അപ്പോഴും മനസ്സിൽ ഒരു ലക്ഷ്യം മാത്രം, മുകളിൽ എത്തുക. അവസാനം അവളുടെ സ്വപ്നം സാക്ഷാത്ക്കരിച്ചു. അവൾ മുകളിൽ എത്തിച്ചേർന്നു.

ഇതിൽ നിന്നും നമുക്കു മനസ്സിലാകുന്നത് 'മല' എന്നത് നമ്മുടെ ജീവിതവും 'മലയുടെ മുകളിൽ എത്തുക' എന്നത് ലക്ഷ്യവും 'കല്ലുകൾ' തടസ്സങ്ങളും ആയിരുന്നു. "തടസ്സങ്ങൾ എന്തെല്ലാം ഉണ്ടായാലും ലക്ഷ്യമാണ് പ്രധാനം."





ആർവിൻ റോഷ് (ക്ലാസ്സ്‌ 6)
ഇന്ത്യൻസ്കൂൾ, ബുറേമി



# കുശവൻ

ഒരിക്കൽ ഒരിടത്ത് രണ്ടു കുശവന്മാർ താമസിച്ചിരുന്നു. ഒരാൾ രാജുവും മറ്റേതു മോഹനനും. രാജു തൻറെ ജോലിയിൽ വ്യാകുലനും അക്ഷമനും ആയിരുന്നു .

ഒരു ദിവസം പുഴക്കരയിൽ നിന്ന് ശേഖരിച്ച കലമുണ്ടാക്കാനുള്ള കളിമണ്ണ് അരിക്കുകയായിരുന്നു രണ്ടുപേരും . പക്ഷെ ക്ഷമയില്ലാതെ രാജു തിടുക്കത്തിൽ അരിച്ചതുകൊണ്ട് കളിമണ്ണിലെ ചെറിയ കല്ലുകൾ കണ്ടില്ല എന്നാൽ മോഹനൻ സാവധാനത്തിൽ ക്ഷമയോടെ കല്ലുകൾ പെറുക്കി കളഞ്ഞു കൊണ്ടിരുന്നു. രാജു വേഗത്തിൽ കലമുണ്ടാക്കി കഴിഞ്ഞു. അപ്പോഴാണ് അതിനകത്ത് കല്ലുകൾ കണ്ടത് . അവൻ ആകെ അസ്വസ്ഥനായി . ദേഷ്യത്തോടെ കലം എറിഞ്ഞു കളഞ്ഞു .

പുറത്തേയ്ക്ക് ഒറ്റയോട്ടം. അതിലെ അതിവേഗത്തിൽ വരുകയായിരുന്ന കാളവണ്ടി അവൻറെ മേൽ ഇടിച്ചു . രാജു തൽക്ഷണം മരണമടഞ്ഞു . ഇതേ സമയം മോഹനൻ വളരെ ക്ഷമയോടെ തൻറെ പ്രവൃത്തി ചെയ്തു .

അങ്ങനെ അവൻ മനോഹരനായ ഒരു കലം ഉണ്ടാക്കി.

ഗുണ പാഠം—എല്ലാക്കാര്യവും ക്ഷമയോടെ ചെയ്യുക .



മാളവിക കൃഷ്ണദാസ് (IX)
ഇന്ത്യൻസ്കൂൾ, ബുറേമി



# എൻെറ തോട്ടം

ഒരു പുലർകാലമെൻ മരുഭൂവിലെൻ
കൃഷി തോട്ടത്തിലേയ്ക്കൊന്നു നോക്കിയപ്പോൾ
പച്ചയുടിപ്പിനാൽ ചിരിതൂകുമെൻ ഗേഹം
മിന്നിത്തിളങ്ങി നിൻ പൊലിമയാലെ
ചെറുകാറ്റിൽ ആടികളിക്കുന്ന പൂവുകൾ
നയന മനോഹര കാഴ്ചയായി
കുഞ്ഞുടുപ്പിട്ടു നിൽക്കുന്നൊരീ കനികളെ
കാണുവാൻ തന്നെ ഇന്നെന്തുചന്തം .
കുഞ്ഞിളം വണ്ടുകൾ മൂളിപറന്നു
ഈ പൂവിലെ മാധുര്യം നുകർന്നീടുവാൻ
പറവകൾ കലപില കൂടുമെൻ തൊടിയിലീ
ശലഭങ്ങൾ പാറി നടന്നിടുന്നു
നിങ്ങൾക്കും കാണണം ഈ കാഴ്ചയെങ്കിലെൻ
മണ്ണിനെ സ്നേഹിക്കൂ പൈതങ്ങളെ .......





പവിത്ര നായർ (MC)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

# അമ്മയെന്ന താരാട്ട്



ഒരു സുന്ദരമായ ദേശത്ത് ഒരു കുഞ്ഞ് വീടുണ്ടായിരുന്നു. അവിടെ ഒരുപാവം അച്ഛനും അമ്മയും അവരുടെ മകനുമായിരുന്നു താമസിച്ചിരുന്നത്. അവരുടെ മകന്റെ പേര് ദാമു എന്നായിരുന്നു. അങ്ങനെ ദാമു ആ സുന്ദരമായ ദേശത്തിലെ മലകളിലും കാടുകളിലും ഓടിച്ചാടി കളിച്ചു നടന്നു വളർന്നു.

അവൻ വളർന്ന് നല്ല പഠിപ്പും വിദ്യാഭ്യാസവുമുള്ള ഒരു സുന്ദരനായിത്തീർന്നു. ബാക്കി കുട്ടികളെക്കാൾ അവൻ സുന്ദരനും മിടുക്കനും ആയതിനാൽ, ക്രമേണ അവൻ വലിയ അഹങ്കാരി ആയി മാറി. അവന്റെ അച്ഛനമ്മമാർ വളരെ കഷ്ടപ്പെട്ടാണ് അവനെ വളർത്തിയിരുന്നത്. ഒരിക്കൽ അവൻ താൻ വളരെ ധീരനാണെന്ന് കാണിക്കാൻ കാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. അവന്റെ അമ്മ അവനോട് പോകരുതെന്ന് എത്ര പറഞ്ഞിട്ടും അവൻ കൂട്ടാക്കിയില്ല. അമ്മയുടെ വേദനയേക്കാൾ അവന് വലുത് മറ്റുള്ളവരുടെ മുന്നിൽ ധീരനാവുക എന്നത് മാത്രമായിരുന്നു.

കുറച്ചു നാളുകൾക്ക് ശേഷംകാട്ടിൽ വച്ച് അവനെ ഒരു പുലി മാന്തി. വേദനയും ഭയവും കൊണ്ട് അവൻ അലറിക്കരഞ്ഞു. അവന്റെ കരച്ചിൽ കേൾക്കാനാരുമുണ്ടായില്ല. അന്നാദ്യമായി അവൻ തന്റെ മാതാപിതാക്കളെക്കുറിച്ച് ചിന്തിച്ചു.

തന്നെ അവർ എത്ര കഷ്ടപ്പെട്ടാണ് വളർത്തിയത് എന്ന് ഓർത്തപ്പോൾ അവന് കുറ്റബോധം തോന്നി. അവർക്കു വേണ്ടി ജീവിക്കാൻ തീരുമാനിച്ചു.

വേദനയാൽ അവൻ തിരിച്ചു വന്നപ്പോൾ, കണ്ടത് ഊണും ഉറക്കവുമില്ലാതെ അവൻ തിരിച്ചു വരുന്നതും നോക്കിയിരിക്കുന്ന അമ്മയെയാണ്.

അവൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് വാവിട്ട് കരഞ്ഞു. അവന്റെ മുറിവിലെല്ലാം അമ്മ മരുന്ന് വച്ചു. അവനെ ആശ്വസിപ്പിച്ചു. തന്റെ സുഖത്തിലും ദു;ഖത്തിലും ഒരു പോലെ കൂടെനിൽക്കാൻ അമ്മ കഴിഞ്ഞേ മറ്റൊരാൾ ഉള്ളു എന്ന സത്യം അവനു മനസ്സിലായി.





ഹനാൻ അഷ്റഫ്
ഇന്ത്യൻ സ്കൂൾ, സോഹാർ

# 'ആകാശ കുസുമം'

സൂഷിയും ഹേമയും സുഹൃത്തുക്കളാണ്. എട്ടാം ക്ളാസിൽ നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾ അവരാണ് . സൂഷിയുടെ പിതാവ് ചുമട്ടു തൊഴിലാളി ആണ്. സൂഷിയും ഹേമയും സംസാരിക്കുന്നത് ഒമ്പതാം ക്ലാസ്സിലെ അപർണ കേട്ടു. തനിക്കു ഡോക്ടർ ആകാനാണ് ആഗ്രഹം എന്ന കാര്യമാണ് സൂഷി ഹേമയോട് പങ്കുവച്ചത്. 'മോഹം ആകാശ കുസുമമാണല്ലോ, പെണ്ണേ' എന്നാണ് അത് കേട്ട അപർണ കമൻറു പാസ്സാക്കിയത്. സൂഷിക്കും ഹേമക്കും അതിനുള്ള അർത്ഥം മനസ്സിലായില്ല. കളിയാക്കിയതാണെന്നു വ്യക്തമാവുകയും ചെയ്തു.



മലയാളം ക്ലാസ്സിൽ ആയിഷ ടീച്ചർ വന്നപ്പോൾ സൂഷി സംശയം ടീച്ചറോട് അവതരിപ്പിച്ചു 'എന്താണീ ആകാശകുസുമം'? ആയിഷ ടീച്ചർക്ക് സന്തോഷമായി. സംശയം ചോദിക്കുന്നവരെ ടീച്ചർക്ക് വളരെ ഇഷ്ടമാണ്. അവർ വിശദീകരിച്ചു.
"കുസുമം എന്നാൽ പൂവ് എന്നാണ് അർത്ഥം'

അപ്പോൾ ആകാശത്തു നിൽക്കുന്ന പൂവ് ആകാശ കുസുമം. അതായത് ഒരാൾക്കു എത്തിപ്പിടിക്കാനാകാത്തത്ര ഉയരത്തിലോ അകലത്തിലോ നിൽക്കുന്ന സംഗതി എന്ന്. അതിശയോക്തിപരമായി അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കാണ് ആകാശകുസുമം. സൂഷി പാവപ്പെട്ട വീട്ടിലെ കുട്ടി ആണ് അതുകൊണ്ട് ഡോക്ടർ ആവുക എന്നൊക്കെ സൂഷിയെകൊണ്ട് കൂട്ടിയാൽ കൂടുന്ന കാര്യമല്ലായെന്ന് കളിയാക്കിയതാണ് അപർണ. 'ആകാശ കുസുമം അർത്ഥം മനസ്സിലാക്കിയല്ലോ' എന്ന് ആയിഷ ടീച്ചർ പറഞ്ഞു.

വലിയ സ്വപ്നം കാണുന്ന സൂഷിയെ ഞാൻ അഭിനന്ദിക്കുന്നു. പാവപ്പെട്ടവരുടെ മക്കളും പരിശ്രമം കൊണ്ട് ഡോക്ടറായതിനുമയും ഉന്നത ജോലി കരസ്ഥമാക്കിയതിനുമയും എത്രയോ ഉദാഹരണങ്ങൾ ഉണ്ട് സമൂഹത്തിൽ. കഴിവും പ്രയത്നവും ഉണ്ടെങ്കിൽ ആർക്കും ലക്ഷ്യത്തിൽ എത്താം. ദൈവം എല്ലാവർക്കും ഒരേ അവസരമാണ് നൽകുന്നത് 'ആകാശകുസുമം" എന്ന വാക്കിന്റെ അർത്ഥത്തോടൊപ്പം ഇതും മനസ്സിലാക്കുമല്ലോ.



# ബ്യൂട്ടി പാർലർ (തുള്ളൽപ്പാട്ട് )

*ഹസ്ന അബ്ദുള്ള, (ക്ലാസ്സ്:10)*
*ഇന്ത്യൻ സ്കൂൾ, വാദി കബീർ*

*മാന്യ സദസ്സിന് വന്ദനമേകി
ഞാനീ കലയുടെ കവിയെ നമിപ്പൂ.
തുള്ളൽ കഥയിൽ  പലതും പറയും
അതുകൊണ്ടാർക്കും പരിഭവമരുതേ.
അപ്രിയമായതു ചൊന്നെന്നാലും
പ്രിയമുള്ളവരേ പൊറുക്കുക വേണം.
കേട്ടാലും നഗരത്തിൽ വിളങ്ങും
ബ്യൂട്ടി പാർലർ നമ്മുടെ ലക്ഷ്യം.
ഇവിടെയിരിപ്പവരെന്നോടൊപ്പം
അവിടേക്കെത്താൻ മടി കാട്ടരുതേ.
പാർലറിനുള്ളിൽ ഞാൻ ചെന്നപ്പോൾ
നീൾമിഴിമാരെ പലരെ കണ്ടു.
വടയുടെ മാതിരി മുടി കെട്ടിയതാ-
ണുടമയതെന്നതിൽ സംശയമില്ല.
കാണാമട്ടിൽ ചുറ്റും നോക്കി
കണ്ണോടിച്ചു നടന്നൊരു സമയേ,
കണ്ണു മിഴിച്ചു സദസ്സിലിരിക്കും
നിങ്ങളിതൊക്കെ കേൾക്കുന്നുണ്ടോ?
ചാലേ വിളവു തികഞ്ഞൊരു വയലിൽ
കോലം കുത്തിയ ചേലിലൊരുത്തി
ശോഷിച്ചുള്ളൊരു കൈകാലുകളിൽ
ക്രീമു പുരട്ടി വെളുപ്പിക്കുന്നു.
വെള്ളരി നീരു മുഖത്തു പുരട്ടിയ
തള്ളയിരിപ്പതു ശ്രദ്ധിച്ചു ഞാൻ.
അറുപത്തഞ്ചു തികഞ്ഞൊരു കിഴവി
ക്കിരുപത്തൊന്നിൽ ലജ്ജാഭാരം.
മൂന്നരയിഞ്ചു കനത്തിൽ വെള്ളകൾ
പൂശിയ മുഖമതു കണ്ടാൽ തന്നെ
ധീരതയുള്ളവരും വിറ പൂണ്ടി-
ട്ടാറടി പുറകോട്ടോടിപ്പോകും.
പല പല ഷെയ്പ്പിൽ മുടി വെട്ടിച്ചൊരു
തലകളുമുണ്ടൊരു പതിനൊന്നെണ്ണം*



*ബോയിക്കട്ടായ് മുടി വെട്ടിയ കുട്ടി
ബോയുടെ മട്ടിൽ ഗമയിലിരിപ്പൂ.
മഷ്റൂമിൽ മുടി വെട്ടിയൊരുത്തി
മറ്റെ റൂമിൽ  കുത്തിയിരിപ്പൂ.
'വി' ഷെയ്പ്പുകളും 'യൂ'
ഷെയ്പ്പുകളും
ഷെയ്പ്പുകളെത്ര വിചിത്രമതത്രെ.
ഇങ്ങനെ നിരവധി കാഴ്ചകളങ്ങനെ
കണ്ടു രസിച്ചു നടക്കുന്നേരം
എണ്ണ പുരട്ടാ മുടിയിഴ മുഴുവൻ
ഹെന്നയിലാക്കിയ മറ്റൊരു രൂപം
ബ്ലീച്ചും ഫേഷ്യലും ചെയ്തൊരു
മുഖവും പൂച്ചക്കണ്ണും
ഭീമാകാരം.*





# നടപ്പാതകൾ

മിർസാന ജലീൽ (9 ഡി)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

യാത്രകൾ മനുഷ്യരെ സംസ്കാര സമ്പന്നരാക്കുന്നു. ഒറ്റയ്ക്ക് ചെറുതും വലുതുമായ യാത്രകൾ ചെയ്യുക എന്റെ ശീല ങ്ങളിലൊന്നായി മാറിയിരുന്നു.

അന്ന് നിലാവുള്ള ഒരു രാത്രിയായിരുന്നു. ആ ചെറിയ ഗ്രാമത്തിൽ എല്ലായിടത്തും ഇരുട്ട് പരന്നിരുന്നു. വൃക്ഷങ്ങളുടെ ഇടയിലുള്ള ഇടുങ്ങിയ പാതയിലൂടെ നടക്കാൻ ഞാൻ തീരുമാനിച്ചു. തല ചായ്ക്കാൻ ഒരിടം കണ്ടെത്തുക എന്നതായിരുന്നു എന്റെ ലക്ഷ്യം. അകലെ ഒരു ചെറിയ വെട്ടം ഞാൻ കണ്ടു. അങ്ങോട്ടു ചെന്നപ്പോൾ അതൊരു കുടിലാണെന്ന് മനസ്സിലായി. ഞാൻ ചുമച്ച് ശബ്ദം ഉണ്ടാക്കിയപ്പോൾ ഒരാൾ ഇറങ്ങിവന്ന് പുഞ്ചിരിച്ചു. അയാൾ എന്നെ അകത്തേക്ക് ക്ഷണിച്ചു. ആഹാരവും കിടക്കാൻ ഇടവും തന്നു. പക്ഷേ എനിക്കുറക്കം വന്നില്ല.

വെട്ടം പുലർന്നപ്പോൾ അയാളോട് നന്ദി പറഞ്ഞ് ഞാൻ ആ കുടിലിൽ നിന്നും യാത്രയായി. വഴിയിൽ ഒരു ചായക്കടയിൽ ആറേഴു വയസ്സുള്ള ഒരാൺകുട്ടി നിന്ന് ചായ അടിക്കുന്നതു കണ്ട് അവിടെക്കയറി.

ഒരു ചായ കൊണ്ടുവരാൻ പറഞ്ഞു. അവൻ ചായ കൊണ്ടുവന്നപ്പോൾ ഒരാൾ കുറുകെ വന്നതിനാൽ ചായഗ്ഗ്ലാസ്സ് കയ്യിൽ നിന്നും താഴെ വീണ് പൊട്ടിപ്പോയി.



കടക്കാരൻ എല്ലാവരുടെയും മുൻപിൽ വെച്ച് അവനെ കണ്ടമാനം ചീത്ത പറഞ്ഞു. തലകുനിച്ച് ആകുട്ടി അകത്തേക്കു പോയി. എനിക്കു വല്ലാത്ത സങ്കടം വന്നു. 'ബാലവേലയും പീഡനവും' കുറ്റകരമാണെന്നു അറിഞ്ഞൂടെ എന്നുപറഞ്ഞ് ഞാനയാളെ വിരട്ടി. എന്നാൽ 'താനവനെ കൊണ്ടു പൊയ്ക്കോ' എന്നു പറഞ്ഞപ്പോൾ 2000രൂപ എടുത്തുകൊടുത്ത് ഞാനവനെ എന്റെ കൂടെ കൂട്ടി. അവന്റെ അച്ഛനമ്മമാരെക്കുറിച്ച് ചോദിച്ചപ്പോൾ ഒരു തേങ്ങൽ ഉള്ളിൽ നിന്നും വന്നതല്ലാതെ ഒന്നും പറഞ്ഞില്ല. പിന്നീടൊരിക്കലും ഞാനൊന്നും അവനോടു ചോദിച്ചിട്ടില്ല. തന്റെ സ്വന്തം മകനേപ്പോലെ ഇന്നും അവൻ എന്നോടൊപ്പം കഴിയുന്നു.



ബിസ്മി, ക്ലാസ് 10 A
ഇൻഡ്യൻ സ്കൂൾ വാദി കബീർ

# മഴ



ഓർമ്മകളെ മേഘങ്ങളായി
പറഞ്ഞയച്ചു ഞാൻ
പെയ്തൊഴിയാൻ
തുളുമ്പി നിൽക്കുന്നു നീ
മനസ്സിൽ
പെയ്തു തീരാത്ത
മഴ പോലെ ..
വേനൽ മറ അണിഞ്ഞ
കിനാവുകൾക്ക്
കുളിര് ചൊരിഞ്ഞ്
എനിക്കു വേണ്ടി മാത്രം പെയ്യുന്ന
തോരാത്ത മഴയായി
ഒടുവിലത്തെ തുള്ളി
പൊഴിയും മുമ്പ്
മനസ്സിൽ കോരിച്ചൊരിയുന്ന
അനശ്വരമായ
ആനന്ദ വിസ്മയമായി.
ഇനിയുമെനിക്കൊരു ജന്മമുണ്ടാകുമോ?
ഒരിക്കലും പെയ്തുതീരാത്ത
മഴ പോലെ ….

# അമേരിക്കൻ പര്യടനം

എഡ്വിൻ ഗ്രേഷ്യസ്
ഇന്ത്യൻ സ്കൂൾ, അൽ സീബ്



ദീർഘനാളുകളായുള്ള കാത്തിരിപ്പിനുശേഷം ഞാനും എന്റെ മാതാപിതാക്കളും അമേരിക്കയിലെ ഒക്ലഹൊമ എന്ന നഗരത്തിൽ പഠിക്കുന്ന എന്റെ ചേച്ചി ഹാർവിയ ഗ്രേഷ്യസിനെ കാണുവാൻ 2017 ജൂലൈ മാസം നാലാം തിയതി യാത്രയായി. നീണ്ട ഇരുപത്തിയാറ് മണിക്കൂറുകൾക്ക് ശേഷം ഞങ്ങൾ ഒക്ലഹൊമ വിമാനത്താവളത്തിൽ എത്തി. അവിടെ ചേച്ചിയുടെ ഒരു സുഹൃത്തിന്റെ വീട്ടിലായിരുന്നു താമസം. അതിരാവിലെ ആറുമണിക്ക് ഞങ്ങൾ ടുൽസ നഗരത്തിലേക്ക് യാത്രയായി. ഏകദേശം 200കിലോമീറ്റർ ദൂരത്തിലായിരുന്നു ആ നഗരം. വളരെ മനോഹരമായ ഗ്രാമാന്തരീക്ഷമുള്ള വഴികളിലൂടെയായിരുന്നു യാത്ര. എങ്ങും പച്ചപ്പ് നിറഞ്ഞ പ്രദേശങ്ങൾ. അങ്ങിങ്ങായി കുതിരകളുടെ കൂട്ടങ്ങളെയും പശുക്കളെയും കണ്ടു. ടുൽസ നഗരം ഒരു പുരാതന നഗരമാണ്. പാതയിൽ തിരക്ക് നന്നേ കുറവായിരുന്നു. വലിയ കെട്ടിടങ്ങൾ അധികം കാണാനില്ല. അവിടെ ഞങ്ങൾ ഒരു ചിത്രകലാ മ്യൂസിയം കാണാൻ പോയി. വളരെ മനോഹരമായ ചിത്രങ്ങളുടെ ശേഖരം അവിടെ ഉണ്ടായിരുന്നു. അവിടെ സുന്ദരമായ ഒരു ഉദ്യാനവും കണ്ടു.

പിറ്റേദിവസം ഞങ്ങൾ ഒക്ലഹോമയിലുള്ള മൃഗശാല കാണുവാൻ പോയി. പലതരത്തിലുള്ള മൃഗങ്ങളെ കാണുവാൻ കഴിഞ്ഞു. പിന്നീട് ഞങ്ങൾ ഡല്ലാസ് എന്ന നഗരത്തിലേക്കാണ് പോയത്. അവിടെ റോസാപ്പൂക്കൾ നിറഞ്ഞ മനോഹരമായ ഒരു ഉദ്യാനം കാണുവാനുള്ള ഭാഗ്യം ലഭിച്ചു. ഏകദേശം 300ൽപരം റോസാപ്പൂക്കളുടെ തോട്ടമായിരുന്നു അത്. പിന്നെ ഞങ്ങൾ ഏബ്രഹാം ലിങ്കൺ വെടിയേറ്റു മരിച്ച ഡല്ലാസ് നഗരം കാണുവാൻ പോയി. അവിടെ അദ്ദേഹത്തിന്റെ സ്മാരകം ഉണ്ട്. കൂടാതെ ഏബ്രഹാം ലിങ്കൺ റോഡിൽ വെടിയേറ്റു വീണ സ്ഥലം അടയാളപ്പെടുത്തിയിരിക്കുന്നു. അടുത്ത ദിവസം ഞങ്ങൾ ഹൂസ്റ്റൺ എന്ന നഗരത്തിലേക്കാണ് പോയത്. അവിടെ നാസാ സെന്റർ കാണുവാൻ കഴിഞ്ഞു. ബഹിരാകാശ സംബന്ധമായ എല്ലാ വിവരങ്ങളും അവിടെനിന്ന് ലഭിച്ചു. അവിടെ ഒരു ബഹിരാകാശപേടകത്തിന്റെ പ്രദർശനവും ഉണ്ടായിരുന്നു. അതിമനോഹരമായ ആ യാത്രയുടെ ഓർമ്മകൾ അയവിറക്കി ഞങ്ങൾ തിരികെ യാത്രയായി.

# അമ്മ



വൈഗ എസ് ബിച്ചു
ഇന്ത്യൻ സ്കൂൾ, അൽ സീബ്

നറുനിലാവ് പൊഴിയും ത്രിസന്ധ്യതൻ
മടിയിൽ മയങ്ങുന്ന പൂന്തിങ്കളായ്
തഴുകുമൊരിളം കാറ്റുപോലെ......
ഒരു സ്നേഹവർഷമായ്,
കുളിരിൻ നിലാവായ്,
മിഴികളിൽ ഉണരുന്ന വാത്സല്യമോടെന്നും
അരികിലണഞ്ഞീടുമമ്മ.

കവിളിലെ ചുടുകണ്ണീർ
മൃദുലമാം കൈകളാൽ
മകരന്ദമായി മാറ്റി എന്നിൽ
മധുരിക്കും ഓർമ്മതൻ
മധുമാരി ചൊരിയുന്ന
കുളിരേകും ഓർമ്മയാണെന്നുമമ്മ
സുഖമുള്ള നിശ്വാസമാണെന്റെയമ്മ.

# എൻ ചെമ്പകപ്പൂവ്

ജാൻവിൻ മേരി (ക്ലാസ്സ് 5)
ഇന്ത്യൻസ്കൂൾ സലാല.



ഒരിക്കലും മറക്കാത്ത എൻ പൂവ്
എൻറെ സ്വന്തം ചെമ്പകപ്പൂവ്
നിന്നെ എന്നും കാണാത്തതിൻ ദുഃഖം
എൻ നെഞ്ചിൽ കത്തുന്നു.
നാട്ടിൽ വന്നപ്പോഴെല്ലാം
നിന്നെ കാണാൻ ഞാൻ
നിൻ മരച്ചോട്ടിൽ ഓടിയെത്തി
ആ നേരമതിൽ ഒരു പൂവുപോലും
ഞാൻ കണ്ടതില്ല
ഇലയും മരവും എൻ മനതാരിൻ
നൊമ്പരവും മാത്രം ബാക്കിയായി.
പിന്നെ, നിന്നെക്കാണാൻ
മാസവും വർഷവും കാത്തിരിപ്പായ്
അടുത്ത വരവിനായ് കാത്തിരുന്നു.
എത്രയെത്ര ഓർമകളിൽ നീയെൻ
കുട്ടിക്കാലത്തു കൂട്ടായ് വന്നു.
നിൻ മൊട്ടൊന്നു വിരിയിക്കാൻ
വാഴക്കുമ്പിളിൽ വെച്ചു
രാവു മുഴുവൻ കാത്തതും
പിറ്റേന്നു രാവിലെ തുള്ളിച്ചാടി
നിന്നരികിലെത്തിയതും
വാഴയിലയിൽ ഒളിച്ചുകളിച്ച
ആ സുന്ദരിപ്പെൺകുട്ടിയെ,
ഇന്നും ഞാൻ മനസ്സിൽ കാണുന്നു.
കുഞ്ഞുടുപ്പും വാസനത്തൈലവും
പൂശിയ എൻ സുന്ദരി പൂവേ,



ആ നിമിഷം എൻ മനതാരിലിപ്പൊഴും
ഒരു മഞ്ഞുതുള്ളിയായ് തഴുകുന്നു.
നിന്നെയെൻ കുഞ്ഞുകൈയിൽപ്പിടിച്ച്
റോഡിലൂടെ ഓടിയ നേരം
ബസ്സിതാ വന്നു നിൽക്കുന്നു
എൻ കൈക്കുമ്പിളിൽ നീയില്ലെന്നറിഞ്ഞ്
ഉരുകിയ മെഴുകായ് എൻ മനം
വഴിയിലെല്ലാം ഞാൻ നിന്നെ തിരഞ്ഞു
കുഞ്ഞുകവിൾ കണ്ണീരിൽ കുതിർന്നു.
ഒടുവിലതാ ഇതു നിൻ പൂവോ?
എന്ന ചോദ്യം കേട്ടു ഞാൻ
ഓടിച്ചെന്നെൻ പൂവു വാങ്ങി
അരുമയാം എൻ ചെമ്പകപ്പൂവ്
തിരികെ ഓടിയെത്തിയപ്പോൾ
ബസ്സിൻ വാതിലിൽ
അരിശംപൂ ണ്ട് നിൽക്കുന്നെന്നമ്മ
എൻ മനം നിറയെ അപ്പൊഴും
ആ ചെമ്പകപ്പൂവ് ആയിരുന്നു.





ആദ്രിക സുരേഷ് (ക്ലാസ്സ്:6)
ഇന്ത്യൻ സ്കൂൾ, ദാർസൈറ്റ്

# മഴവിൽജീവിതം



*മഴവില്ലുപോലെ*
*മനുജന്റെ ജീവിതം.*
*പലനിറങ്ങളിൽ,*
*പല ഭാവങ്ങളിൽ*
*പച്ചയിൽ, മഞ്ഞയിൽ*
*തുടങ്ങുന്നു ജീവിതം.*
*കോപത്തിൽ*
*താപത്തിൽ, ചുവക്കുന്നു.*
*പേടിയാൽ വിറക്കുന്നു.*
*മരണമടുക്കുന്നു!!*
*നീലയിൽ,*
*ഇരുളിൽ*
*മരണം,*
*മഴവിൽജീവിതം!!!*

# കുടുംബം

ഇർഫാൻ കെ. നിഷ്ത്താർ (ക്ലാസ്സ്. 10 )
ഇന്ത്യൻസ്കൂൾ സലാലാ.





കുടുംബം എന്നാൽ കൂടുമ്പോൾ ഇമ്പമുള്ളത് എന്നർത്ഥം. ഏതു വിഷമ വേളകളിലും മനുഷ്യന് താങ്ങും തണലുമാവുന്ന, ശാന്തിയും സമാധാനവും ലഭ്യമാക്കുന്ന സുന്ദരമായ സംവിധാനമാണ് കുടുംബം. കുടുംബത്തെപ്പോലെ ഉത്തരവാദിത്വപൂർണ്ണ മായ മറ്റ് ഏതു സ്വപ്നമാണുള്ളത്? ലോകമാകുന്ന വലിയ കൂട്ടുകുടുംബത്തിലെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം. മാതാവും പിതാവും മക്കളും തൊട്ടടുത്ത രക്തബന്ധമുള്ളവരും ചേർന്നതാണ് അത്. അതിലെ ഓരോ അംഗത്തിനും പരസ്പരം നിർവ്വചിക്കപ്പെട്ട കടപ്പാടുകളുണ്ട്.

“വസുധൈവ കുടുംബകം” എന്നത് പ്രാചീനഭാരത സങ്കൽപ്പമാണ്. പ്രപഞ്ചത്തെ മുഴുവൻ ഒരു കുടുംബമായും ചരാചരങ്ങളെ കുടുംബാംഗങ്ങളായും കാണുന്ന വിശ്വാസസംഹിതയാണത്. എന്നാൽ ഇന്നാവട്ടെ, മനുഷ്യൻ മനുഷ്യകുലം എന്ന വിശാലസങ്കൽപ്പത്തിൽ നിന്നും രാജ്യങ്ങളിലേക്കും സമൂഹങ്ങളിലേക്കും കുടുംബങ്ങളിലേക്കും പിന്നെയിതാ വ്യക്തികളിലേക്കും മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു.

കുടുംബത്തിൻറെ മഹത്വം പ്രതിപാദിക്കുന്ന ഒരു കഥ ഈ അവസരത്തിൽ ഓർത്തു പോകു ന്നു. വിക്രമാദിത്യ രാജാവിൻറെ പണ്ഡിത സദസ്സാണു രംഗം. അദ്ദേഹത്തിൻറെ കൊട്ടാരത്തിൽ കാലങ്ങളായി സൂക്ഷിച്ചു പോരുന്ന ഒരു വലിയ നിധി ശേഖരമുണ്ട്. മുത്തും പവിഴവും മാണിക്യവുമെല്ലാം ചേർന്ന നവരത്നങ്ങളുടെ മഹാശേഖരം. “ഏതാണ് ഏറ്റവും വിശിഷ്ടമായ രത്നം”? പണ്ഡിതസദസ്സിൻറെ മുന്നിൽ മഹാരാജാവിൻറെ ഘനഗംഭീരമായ ശബ്ദം മുഴങ്ങി. മനസ്സിൽ വിശിഷ്ടരത്നങ്ങളുടെ മാഹാത്മ്യം ഒന്നിനു പി റകെ ഒന്ന ായി ഉയർന്നു വന്നിട്ടും ആർക്കും ഉത്തരം പറയാൻ ധൈര്യമുണ്ടായില്ല. അദ്ദേഹത്തിൻറെ കൊട്ടാരത്തിലെ ഏറ്റവും മികച്ച രത്നമല്ല തങ്ങൾ പറയുന്നതെങ്കിൽ അത് വലിയ അപരാധമായിപ്പോകുമോ എന്നവർ ഭയന്നു. പെട്ടെന്ന് അവർക്കിടയിൽ നിന്നും വരരുചി മഹർഷി എഴുന്നേറ്റ് ആ ചോദ്യത്തിന് ഉത്തരം പറയാൻ തനിക്കനുവാദം നൽകണമെന്ന് അപേക്ഷിച്ചു. വിക്രമാദിത്യൻ വളരെ താല്പര്യപൂർവ്വം വരരുചിയുടെ മറുപടിക്ക് കാതോർത്തു.

തന്നോടു ക്ഷമിക്കണമെന്ന ആമുഖത്തോടെ വരരുചി പറഞ്ഞു തുടങ്ങി. ’ പ്രഭോ നവരത്നങ്ങളേക്കാൾ വിശിഷ്ടമായ ഒരു രത്നമുണ്ട്. ജീവൻറെ ചൈതന്യം നിറഞ്ഞ അതിവിശിഷ്ടമായ ഒരു രത്നം. ഒരു നിലവറയിലും ഒളിപ്പിച്ചു വെക്കാനാവാത്ത ദിവ്യമായ കരുത്തുള്ള ആ രത്നമത്രേ കുടുംബം.”

വിരലുകൾ കൂട്ടിച്ചേർത്ത് മുഷ്ടി കാട്ടി അദ്ദേഹം തുടർന്നു. വിള്ളലുകളില്ലാതെ വിരലുകൾ കൂട്ടിച്ചേർത്തു പിടിക്കുമ്പോൾ അവിടെ ഒരു ശക്തിയുണ്ടാകുന്നു. ഏതു പ്രതിസന്ധികളെയും ഇടിച്ചു തകർക്കാനുള്ള കരുത്തുണ്ടിതിന്.

തന്നെയും സദസ്യരെയും വിസ്മയിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത വരരുചിയുടെ ഉത്തരത്തിൽ സന്തുഷ്ടനായ മഹാരാജാവ് വിലപിടിച്ച രത്നങ്ങൾ വരരുചിക്ക് സമ്മാനമായി നൽകാൻ ഉത്തരവിട്ടു. എന്നാൽ പാണ്ഡിത്യത്തിൻറെ നിറകുടമായ വരരുചി മഹർഷി അവിടെയും വ്യത്യസ്തനായി. വിനയത്തോടെ അദ്ദേഹം വാഗ്ദാനം നിരസിച്ചു. എന്നിട്ടു പറഞ്ഞു. എന്നോടു ക്ഷമിക്കണം. അങ്ങയുടെ രത്നശേഖരം എല്ലാം കൊടുത്താലും കെട്ടുറപ്പുള്ള കുടുംബത്തിനു മുമ്പിൽ അത് ഒന്നുമാകില്ല. പരസ്പരബന്ധവും സ്നേഹവും ഐക്യവുമുള്ള ഒരു കുടുംബത്തിനു പകരം വക്കാൻ മറ്റൊന്നിനുമാവില്ല. നല്ല കുടുംബം ഒരു തെളിഞ്ഞ കണ്ണാടി പോലെയാണ്, വർത്തമാനകാല സാഹചര്യങ്ങളിലേക്ക് ഒന്നു കണ്ണോടിക്കാം.

കുടുംബങ്ങളിലെ അന്തഃഛിദ്രങ്ങളും തദ്വാരായുള്ള തകർച്ചകളും അനുദിനം പെരുകി വരുന്നു. കുഴപ്പം നമ്മുടേതു തന്നെയാണ്. നാം നമ്മുടെ ആത്മീയത യും ദർശനങ്ങളും പൈതൃകവും മറന്നു കളഞ്ഞു. ബന്ധങ്ങൾ ബന്ധനങ്ങളും കടപ്പാടുകൾ ഭാരങ്ങളും ആയി കണക്കാക്കി. പ്രവാചകനായ മുഹമ്മദ് നബി (സ) യോട് ഈ ലോകത്ത് നാം ഏറ്റവും കടപ്പെട്ടിരിക്കുന്നത് ആരോട് എന്ന ചോദ്യത്തിന് അദ്ദേഹം മറുപടി നൽകിയത് "മാതാവിനോട്" എന്നാണ്. മൂന്നു പ്രാവശ്യം ആ ചോദ്യം ചോദിക്കപ്പെട്ടു. അപ്പോഴൊക്കെ "മാതാവിനോട്" എന്നു തന്നെയായിരുന്നു മറുപടി. നാലാമതും ചോദ്യം ആവർത്തിക്കപ്പെട്ടപ്പോൾ "പിതാവിനോട്" എന്നായിരുന്നു ഉത്തരം.

ചിലരെങ്കിലും മാതാപിതാക്കളെ നടതള്ളുകയും വൃദ്ധസദനത്തിൽ തളച്ചിടുകയും ചെയ്യുന്ന സാഹചര്യങ്ങളിലാണ് നാം ഇന്ന് ജീവിക്കുന്നത്. കുട്ടികളുടെ അവകാശങ്ങൾ ഹനിക്കപ്പെടുകയും സ്ത്രീകളുടെ മേലുള്ള അതിക്രമങ്ങൾ അധികരിക്കുകയും ചെയ്യുന്നു. ആളുകൾ അവനെന്ന ബിന്ദുവിലേക്ക് മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. ഇതിലൊക്കെ ഒരു മാറ്റം തീർച്ചയായും ആവശ്യമത്രെ. സമൂഹത്തിൻറെ സർവ്വതോൻമുഖമായ പുരോഗതിക്കും ധാർമ്മിക മൂല്യങ്ങളുടെ പുനഃസ്ഥാപനങ്ങൾക്കും അടിസ്ഥാനം കെട്ടുറപ്പുള്ള കുടുംബങ്ങളാണ് എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. അതെ, കുടുംബത്തെക്കാൾ വലിയ കുട വേറെയില്ല. കുടുംബത്തെക്കാൾ വലിയ തണലും വേറെയില്ല.






# ഓർമകളിലൂടൊരു യാത്ര

നന്ദന ആർ നായർ (9 എ)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര





ഒരു ചാരുകസേരമേലിരിക്കും
ഒരാൾ
നരച്ച താടിയും മുടിയും ചുളിവുള്ള
കരങ്ങളുമായി
ദുഃഖിതനായി വ്രണിതനായിരിക്കുന്നു
തന്റെ കൂടെ തുണയായി
താങ്ങായി ആരുണ്ട്?
ഓർമ്മകൾ ഓർമ്മകൾ മാത്രം
ജീവിതത്തിന്റെ കൊടുങ്കാറ്റ് അസ്തമിച്ചപ്പോൾ
മഴവില്ല് വന്നത് കണ്ടില്ലേ നീ ?
അഴകിൽ ഉലഞ്ഞാടി നിന്ന പൂവിനെ
പറിച്ചെടുത്തപ്പോൾ,
കൈനൊന്തതറിഞ്ഞില്ലേ നീ?
ഒരിക്കൽ ചവർപ്പെന്നുകരുതി കുടിച്ചതെല്ലാം
പിന്നെ മധുരമായ് മാറിയതറിഞ്ഞില്ലേ നീ ?
നിശയുടെ ഇരുട്ടിൽ വെളിച്ചം കൊണ്ടുവരുന്ന
ചന്ദ്രനെ കണ്ടില്ലേ നീ ?
ഇത്തരം ചോദ്യങ്ങൾ ചോദിച്ചുകൊണ്ട്
തന്റെ അരികിൽ നിൽക്കുന്നതാര്
ഓർമ്മകൾ ഓർമ്മകൾ മാത്രം
തന്റെ അന്ത്യശ്വാസത്തിൻ
അടുത്ത് ചേർന്ന് നിന്ന്
സ്വർഗ്ഗാരോഹണത്തിലും കൂടെവന്നതാര് ?
ഓർമ്മകൾ ഓർമ്മകൾ മാത്രം



കെസിയ സുനിൽ തരകൻ (ക്ലാസ്സ്. 8 )
ഇന്ത്യൻസ്കൂൾ സലാലാ.

# ആകാശത്തെ വിസ്മയം




എൻ ഓർമ്മ കിളിവാതിൽ അതാ
പൂപോൽ മൃദുവായ കവാടം
അവിടെ നിൽക്കുന്നു, തെല്ലനങ്ങാതെ
പട്ടിൻറെ ഗഗനത്തിൻ നടുവിൽ

ആരോ തെളിയിച്ച സ്ഫുലിംഗമേ
അവിടെ നിൽക്കയോ നീ നിശ്ചലമായ്
ആ തിരി നാളത്തിൽ കാണുന്നതെല്ലാം
ആരു സൃഷ്ടിച്ചു ചൊല്ലാമോ ?

പാൽക്കടലാം അംബരമേ, സുന്ദരി നീ
ഈ കെടാവിളക്കണയുമ്പോൾ.......
വർണ്ണച്ചെപ്പിൽ മുങ്ങി നിൻ അരികിൽ
നിൽക്കും ഈ പുഷ്പങ്ങൾ തൻ ഇടയിലൂടെ
മേഘ പടവുകൾ കയറി ഇതാ വരികയായി ഞാൻ...

പൂമ്പാറ്റകൾ തോറ്റുപോകും നിൻ ദർശനത്തിൽ
ചിറകിൽ പതിഞ്ഞ ചിത്രങ്ങൾ
നിൻ മുമ്പിൽ വണങ്ങവെ
ഞാൻ എന്തു ചൊല്ലേണ്ടു ഞാൻ

വെള്ളരിപ്രാവുകൾ കേണു പോം നിലാവിൽ
മാലാഖ പോൽ തിളങ്ങുന്നു നീ
ആകാശത്തെ വിസ്മയമേ..
നിന്നരികെ ഞാൻ ഇതാ!







ഗൌതം. എച്ച്. രാജ് (ക്ലാസ്സ്. 6)
ഇന്ത്യൻസ്കൂൾ സലാലാ

ഗായത്രി (ക്ലാസ്സ്. 10)
ഇന്ത്യൻസ്കൂൾ സലാലാ.





# നിനക്കായ്

പുലരിതൻ വേളയിൽ
കണ്ടുമുട്ടി നാമന്നൊരിക്കൽ
പാലരുവിതൻ തീരത്തിരുന്നൊരാ-
നുഭൂതി പോൽ നിൻചാരെ-
യിരുന്നേരം തോന്നിയെന്നാർദ്ര ചിത്തത്തിൽ
കുട്ടിത്തമാശകൾ,വീട്ടുവഴക്കുകൾ
പങ്കുചേർന്നാ നാൾകളിൽ നമ്മളിരുവരും
കാട്ടിത്തന്നു നീ എനിക്കന്നെ-
ത്ര മനോഹരം ഈ സുഹൃദ്ബന്ധം.
കണ്ണുനീർപ്പൂവുകൾ പൊഴിഞ്ഞു വീണീടവെ
നിൽപ്പു ഞാൻ നിശ്ചലയായി വഴിമദ്ധ്യേ-
യെൻ നയനങ്ങൾ തൻ ചലനം നഷ്ടമായീ വേളയിൽ
നിൻ വിരഹദുഃഖത്തിൻ കാഠിന്യസ്മരണയിൽ.
കണ്ടീടാം നമുക്കിനിയെവിടെവച്ചെങ്കിലും
എന്നേക പ്രതീക്ഷ ഉള്ളിലവശേഷിക്കേ
കണ്ടുമുട്ടീടാം എന്നെങ്കിലും നമുക്കിനിയു-
മൊരായിരം കനവുകൾ പങ്കുചേർന്നീടാൻ,
ഒരുവട്ടം കൂടി നാം കൈകോർത്തു നടക്കുവാൻ.
തന്നീടുന്നു ചെങ്ങാതി ഞാൻ നിനക്കായൊരു വാക്കുമാത്രം
മറക്കില്ലൊരിക്കലും എന്ന വാക്കു മാത്രം.

# മഴ

*വരണ്ട മണ്ണിൽ ജീവനുണർത്തി*
*പുതുമഴ വീണ്ടും വന്നെത്തി*
*കുന്നും മലയും പച്ച പുതച്ചു*
*കുഞ്ഞിപ്പൂക്കൾ പൊട്ടി വിരിഞ്ഞു*
*കുയിലുകൾ പാടി മയിലുകൾ ആടി*
*ആഹാ! പുതുമഴ വന്നെത്തി*
*വാനമിരുണ്ടു ഇടികൾ മുഴങ്ങി*
*കുഞ്ഞിക്കിളികൾ കൂട്ടിലൊളിച്ചു*
*തോരാ മഴയിതാ പെയ്തു തുടങ്ങി*
*എങ്ങും വെള്ളം എങ്ങും വെള്ളം*
*വീടുകൾ മുങ്ങി കാടുകൾ മുങ്ങി*
*മഴയൊരു ദുരിതക്കടലായി*

# മുറുകെ പിടിക്കുക

ഗൗരി നന്ദകുമാർ
(ക്ലാസ്സ്. 10)
ഇന്ത്യൻസ്കൂൾ സലാല.



'ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം'
'കേരളമെന്നു കേട്ടാലോ തിളക്കണം ചോര നമുക്കു ഞരമ്പുകളിൽ'

മാതൃഭാഷയെ മറ്റെന്തിനെക്കാളും ഏറെ സ്നേഹിച്ച ശ്രീ വള്ളത്തോൾനാരായണമേനോൻറെ വാക്കുകളാണ് ഇവ. നാം ജനിച്ചുവീഴുമ്പോൾ തന്നെ നമ്മുടെ കർണങ്ങളിൽ മുഴങ്ങുന്ന ആ മാധുര്യമാർന്ന ശബ്ദം, അതു മാതൃഭാഷ തന്നെയാണ്.

ആ മാധുര്യം നുകരാൻ ഇന്നു തുനിയുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. ഭൂരിഭാഗം മലയാളികളും ഇന്ന് സൌന്ദര്യമാർന്ന, മാധുര്യമാർന്ന ആഭാഷയെ തള്ളിക്കളയുകയാണ് ചെയ്യുന്നത്. ഇന്നത്തെ സാഹചര്യം കണക്കിലെടുക്കുകയാണെങ്കിൽ അക്ഷരാർത്ഥത്തിൽ കേരളത്തിൽ ഇന്ന് ജനിച്ചു വീഴുന്ന ഒരു കുഞ്ഞ് കേൾക്കുന്നത് ആംഗലേയരുടെ ഭാഷയാണ്.



ഒരു കുഞ്ഞ് പിച്ചവെച്ചു തുടങ്ങുന്നതിനു മുമ്പുതന്നെ മാതാപിതാക്കൾ മുൻകൈ എടുക്കുന്നത് ആ കുഞ്ഞിനെ ആംഗലേയം പഠിപ്പിക്കാനാണ്. ആ കുഞ്ഞ് വളർന്നു വലുതായി ആംഗലേയഭാഷയിൽ അഗ്രഗണ്യനാകുമ്പോൾ, അവന് മാതൃഭാഷ അറിയില്ല എന്നു പറയുന്നതിൽ അവർ അഭിമാനിക്കുന്നതാണ് വർത്തമാനകാലത്ത് കേരളത്തിൽ കാണുവാൻ സാധിക്കുന്നത്.

ഇന്നു നാം നമ്മുടെ പെറ്റമ്മയായി കണക്കാക്കേണ്ട മാതൃഭാഷയെ കൈവിട്ട്, പോറ്റമ്മയായ അന്യരാജ്യഭാഷയെ സ്വീകരിക്കുന്നു. 'അമ്മ മലയാളം' എന്നു പറയുമ്പോൾ പലരും മലയാളത്തെ അമ്മയായി കാണുന്നില്ല. മലയാള ഭാഷയുടെ മാധുര്യം പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അതറിയണമെങ്കിൽ സ്വയം അത് നുകരണം. ശ്രേഷ്ഠവും ധന്യവുമായ നമ്മുടെ സംസ്കാരത്തിൻറെ, ഭാഷയുടെ വേരുകൾ തോണ്ടുകയാണ് നാം ചെയ്യുന്നത്. നാം നമ്മുടെ തന്നെ കുഴിമാടങ്ങൾ കുത്തുന്നു. ആംഗലേയവും മറ്റു ഭാഷകളും പഠിക്കരുത്, ഉപയോഗിക്കരുത് എന്നല്ല, അതിനു മുമ്പ് നാം നമ്മുടെ മാതൃഭാഷയെ വാരരിപ്പുണരണം. ഏതു മലയാളിക്കും അഭിമാനിക്കാൻ കഴിയത്തക്കവണ്ണം നാം നമ്മുടെ സംസ്കാരസമ്പന്നമായ മലയാളത്തെ വളർത്തിക്കൊണ്ടു വരണം.





എമില്ലിൻ ജോൺ (ക്ലാസ്സ്. 8)
ഇന്ത്യൻസ്കൂൾ, ഇബ്ര



# ഡെങ്കി

ഇടിവെട്ടി മഴപെയ്തു
കൊതുകുവന്നു മുട്ടയിട്ടു
എല്ലാർക്കും വന്നല്ലോ ഡെങ്കി
ഇവനാണിവനാണ് ഡെങ്കി
ആശുപത്രീൽ സീറ്റില്ല
കിടക്കാനും ഇടമില്ല
വൃത്തിയില്ല വെടിപ്പില്ല
കുടിക്കാൻ വെള്ളമില്ല
ഇവനാണിവനാണ് ഡെങ്കി
ഡെങ്കി വന്നു പെട്ടുവെന്നാൽ
പകിടുമത് അതിവേഗം
ഇവനല്ലോ സ്റ്റാറിപ്പോൾ
മോദിയോ പിന്നിലും
ഇവനാണിവനാണ് ഡെങ്കി
മറ്റെല്ലാം മിത്രമെങ്കിലും
പേടിയോ.. ഇവനെ മാത്രം
ഇവനാണിവനാണ് ഡെങ്കി



ഐഷ നസ്റുദീൻ (ക്ലാസ്സ്. 6)
ഇന്ത്യൻസ്കൂൾ, ബുറേമി



# മരണം

*നിറഞ്ഞ മിഴിയുമായി*
*ഞാനിരുന്നാലും*
*എൻ കണ്ണുകളെ നീ മറച്ചിരിക്കും*
*കണ്ണുകളൊന്നു*
*തുറന്നെങ്കിലെന്നുഞാൻ -*
*വെറുതെയൊന്നാശിച്ചു പോയാലും*
*തുറക്കാനാവാത്ത വിധം*
*അതടഞ്ഞു പോയിരിക്കും*
*ഞാൻ അകലെ ........*
*അകലെ ..........*

# മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

## ഒരെത്തിനോട്ടം

മുഹമ്മദ് ആഷിക്ക് (ക്ലാസ്സ് 9)
ഇന്ത്യൻസ്കൂൾ, ബുറേമി






ഉത്തരകേരളത്തിലെ ഫ്രഞ്ച് അധീനപ്രദേശമായിരുന്ന മയ്യഴി പശ്ചാത്തലമാക്കി ആ നാട്ടുകാരനായ എം . മുകുന്ദൻ എഴുതിയ നോവലാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (1974 ). മയ്യഴിയുടെ രാഷ്ട്രീയ സാമൂഹ്യ ചരിത്രം , മയ്യഴിയുടെ വിമോചനം , ഫ്രഞ്ച് ഭരണത്തിൻറെ നിലപാടുകളുമാണ് ഇതിൽ പ്രത്യക്ഷപ്പെടുന്നത് .

## കഥ

കേളുവിൻറെയും കറുമ്പിയുടെയും മകനായ ദാമുറൈട്ടറുടെ മകൻ ദാസനാണ് നോവലിലെ മുഖ്യ കഥാപാത്രം . ഫ്രഞ്ച് ചരിത്രത്തിലെ വീരനായികിയുടെയും അറബിക്കടലിലെ വെള്ളിയാംകല്ലിൻറെയും കഥകൾ കേട്ടാണ് ദാസൻ വളർന്നത്. ബുദ്ധിമാനായ ദാസൻ ഇൻറെർമീഡിയേറ്റു പരീക്ഷയും പോണ്ടിച്ചേരി സർക്കാരിൻറെ ബക്കലോറ പരീക്ഷയും നല്ല നിലയിൽ പാസ്സായി . സർക്കാർ ജോലിയോ ഫ്രാൻസിൽ ഉപരിപഠനമോ തിരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടായെങ്കിലും കമ്മ്യൂണിസ്റ്റും ദേശീയവാദവുമായിരുന്നു അയ്യാളുടെ തീരുമാനം .

മയ്യഴിയെ ഫ്രഞ്ച് ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കുകയാണ് ദാസൻറെ തീരുമാനം . 1948 ൽ മയ്യഴിയുടെ താൽക്കാലിക വിമോചനത്തിൽ പങ്കെടുത്ത ദാസൻ രണ്ടു വർഷത്തെ ജയിൽ വാസം അനുഭവിക്കുക പോലും ചെയ്ത മയ്യഴിയുടെ മേലുള്ള ഫ്രഞ്ച് ആധിപത്യത്തിൻറെ അന്ത്യത്തെ തുടർന്ന് ദാസൻ ജയിൽ മുക്തനായെങ്കിലും ദാസൻറെ കാമുകി ചന്ദ്രികയെ മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുക്കാൻ മാതാപിതാക്കൾ തീരുമാനിച്ചു. വിവാഹദിനത്തിൽ അപ്രത്യക്ഷയായ ചന്ദ്രികയെ പിന്നെ ആരും കണ്ടിട്ടില്ല . താമസിയാതെ ദാസനും അവളുടെ വഴി പിന്തുടർന്നു .ദാസനും ചന്ദ്രികയും കടലിനു നടുവിൽ വെള്ളിയാം കല്ലുകൾക്ക് മുകളിലെ തുമ്പികളായി മാറുകയാണ് .

## കുറിപ്പ്

ലോകതൊഴിലാളികളെ സംഘടിക്കൂ. നഷ്ടപ്പെടുവാൻ നിങ്ങൾക്ക് കൈവിലങ്ങുകൾ മാത്രം. ഈ അവസാനവാചകമാണ് എന്നെ ആവേശത്തിലാക്കിയത് .

## കഥാപാത്രങ്ങൾ

ദാസൻ, ചന്ദ്രിക, ദാമു, മൂപ്പൻ, കറുമ്പിയമ്മ



# രക്തദാനം മഹാദാനം

ഗൗരികൃഷ്ണ (ക്ലാസ്സ് 7)
ഇന്ത്യൻസ്കൂൾ, ബുറേമി

2018 -19 ഇന്ത്യൻ സ്കൂൾ അൽ ബുറൈമി ഒരു രക്തദാന ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി . അതിൻറെ ഭാഗമായി ഞാനും എൻറെ സുഹൃത്തുക്കളും ഒരു ബോധവൽക്കരണ പരുപാടിയിൽ പങ്കെടുക്കുകയുണ്ടായി



രക്തദാനത്തിൻറെ ആദ്യപടിയായി ആൾക്കാരെ ബോധാവൽക്കരിക്കുകയുണ്ടായി. ആയതിലേയ്ക്ക് ലേബർ ക്യാമ്പുകൾ സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള തൊഴിലാളികൾക്ക് രക്തദാനത്തിൻറെ മഹാത്മ്യത്തെക്കുറിച്ച് വ്യക്തമാക്കിക്കൊടുത്തു .

രക്തദാനത്തിൻറെ ഭാഗമായി സ്കൂളിൽ വച്ച് ഫ്രീ മെഡിക്കൽ ചെക്ക് അപ്പ് നടത്തുകയുണ്ടായി. ആയതിലേയ്ക്ക് രക്ഷകർത്താക്കളും ലേബർ ക്യാമ്പ്അംഗങ്ങളും പങ്കെടുക്കുകയുണ്ടായി . ഇതിലേയ്ക്കായി യാസ് മെഡിക്കൽ സെൻറെർ, ബുറൈമി ഹോസ്പിറ്റൽ – എന്നിവിടങ്ങളിൽ നിന്നുമുള്ള ഡോക്ടർമാർ അത്യാധുനിക സാങ്കേതിക സൗകര്യങ്ങളോട് കൂടിയുള്ള സേവനമാണ് നടത്തിയത്. സ്കൂൾ പ്രിൻസിപ്പൽ ശാന്തകുമാർ ദേശാരി , അഡ്വയസർ, എസ് . എം. സി മെമ്പർമാർ തുടങ്ങിയവർ ഇതിൻറെ നേതൃത്വനിരയിൽ തന്നെ ഉണ്ടായിരുന്നു

ഈ രക്തദാന പരുപാടി രക്തദാതാക്കൾക്കും വളരെ അധികം പ്രയോജനം ചെയ്യുകയുണ്ടായി . കൂടാതെ രക്തദാനത്തെക്കുറിച്ച് ഇതിൽ പങ്കെടുത്ത എല്ലാവരക്കും നല്ല രീതിയിൽ ഉള്ള ബോധവൽക്കരണം ലഭിക്കുകയും ചെയ്തു .

# മാമ്പഴം

ഡെലീന ജീമോൻ (IV)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര





മഞ്ഞവെയിൽ വന്നു തൊട്ടു
പിന്നെ, മഞ്ഞ നിറമായി

മാമ്പഴം കടിച്ചു തിന്നാൻ
എന്തൊരിഷ്ടമെന്നോ
എങ്കിലും അറിയില്ലെനിക്ക്
മാമ്പഴത്തിനുള്ളിൽ
ആരു നിറച്ചു വെച്ചതാവാം
ഇത്രയേറെ മാധുര്യം !!



എൻെറ വീട്ടു മുറ്റത്തെ
മാവിൽ നിന്നും ഇന്നലെ
കാറ്റുകൊണ്ടുലഞ്ഞ് താഴെ
വീണു നല്ല മാമ്പഴം
മാവ് പൂത്ത കാലം മുതൽ
കാത്തിരുന്ന മാമ്പഴം

ഉണ്ണി മാങ്ങ പച്ചയായി
പയ്യെ വലുതായി



# പ്രളയം - ഒരു തിരനോട്ടം

ലക്ഷ്മി ബാലസുബ്രഹ്മണ്യൻ (ക്ലാസ്സ്. 6)
ഇന്ത്യൻസ്കൂൾ, ബുറേമി





2018 ആഗസ്റ്റ് കേരള ജനത ഒരു മഹാപ്രളയത്തിനു സാക്ഷ്യം വഹിച്ചു . ഈ നൂറ്റാണ്ടിൽ കണ്ട മഹാദുരന്തം. ആകാശത്തുനിന്നു പൊട്ടിവീണ മഴയും മലയിടുക്കുകളിൽ നിന്ന് പെയ്തിറങ്ങിയ ഉരുൾപൊട്ടലും മലയാളക്കരയെ ഭീതിയുടെ മുൾമുനയിൽ നിർത്തി . മാറിമാറി വന്ന മഴയും തണുത്ത കാറ്റും മലയാളിയുടെ മനസ്സിനെ കുളിരണിയിക്കുന്ന തായിരുന്നില്ല . തീപ്പൊള്ളൽ ഏൽപ്പിക്കുകയായിരുന്നു. കേരളത്തിൻറെ തെക്ക് വടക്ക് ജില്ലകളെ കരയിപ്പിക്കുകയായിരുന്നു പ്രകൃതി .

കണക്കുകൾക്കപ്പുറമായിരുന്നു നാശനഷ്ടങ്ങൾ . നികത്താനാവാത്ത നഷ്ടങ്ങൾ. മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും ജീവനറ്റ ശരീരങ്ങൾ . വീടുകൾ, കൃഷിയിടങ്ങൾ,കെട്ടിടങ്ങൾ എല്ലാം താറുമാറായി കിടക്കുന്ന ഹൃദയഭേദകമായ കാഴ്ചകൾ .എത്രയൊക്കെ വാരിക്കോരി- കൊടുത്താലും നികത്താനാവാത്ത നഷ്ടങ്ങൾ .മനുഷ്യൻറെ ക്രൂരതയ്ക്ക് ദൈവത്തിൻറെ കയ്യോപ്പ് പോലെയായിരുന്നു ആ മഹാപ്രളയം.

പ്രപഞ്ചശക്തികൽക്കുമുമ്പിൽ തെളിഞ്ഞ മനസ്സോടെ ശിരസ്സു നമിച്ചു കൂപ്പുകൈയോടെ മാപ്പിരക്കാം . ഇനി ഒരു ദുരന്തവും ലോകമനസ്സിനെ വേട്ടയാടില്ല എന്ന കറതീർന്ന വിശ്വാസത്തോടെ കേരള പുനരുദ്ധാരണത്തിനു കൈകോർക്കാം.



റോൺ (ക്ലാസ്സ് 8)
ഇന്ത്യൻസ്കൂൾ, ഇബ്ര




# എന്റെ വിദ്യാലയം

ഐസ ആൻ ഷിജു
ഇന്ത്യൻസ്കൂൾ, ഇബ്ര



അറിവിൻനിറകുടമെൻ വിദ്യാലയം
ഓരോ മനസ്സിലും സ്നേഹം പകരുന്ന
നിറമാർന്ന ഭവനമെൻ വിദ്യാലയം

നാടിനു നല്ലൊരു മാതൃകയും
ഒരു നൂറു സ്വപ്നങ്ങൾ തഴുകി തലോടി
നറു പൂവായ് വിടർത്തുമീ വിദ്യാലയം

അർത്ഥമനർത്ഥങ്ങൾ വേർതിരിച്ചു
കാണാൻ പഠിപ്പിച്ചതീയാലയം
നല്ല ശീലങ്ങൾ വാർത്തെടുത്തോ-
ആശ്രമമാണെൻറെ വിദ്യാലയം

# ഓർമ്മകളുടെ നെയ്പ്പായസം

നിരഞ്ജൻ ജിതീഷ് (9 ബി)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര



ഓർക്കുന്നു ഞാൻ ഇപ്പുറത്തുള്ളപ്പോൾ
മഴക്കാലനാട്ടിൽ വസിക്കുവാൻ പോകുന്ന
യാത്രയെ ഓർക്കുന്നു ഞാൻ.
നഷ്ടമാം സ്മരണകൾ
വീണ്ടെടുക്കുവാൻ ശ്രമിച്ചെങ്കിലും പറ്റിയില്ല.
ഒരുപാടു പ്രാവശ്യം.
മുത്തച്ഛനെയും മുത്തശ്ശിയെയും കാണാൻ
കൊതിച്ചിട്ടുണ്ട് ഒരുപാട് തവണ.
ചക്ക വറുത്തതും, നെയ്പ്പായസം
ഉണ്ടാക്കിയതും,





കുളത്തിൽ കുളിച്ചതും,
പൂവ് പറിച്ചതും,
അമ്പലത്തിൽ പോയതും,
ഓണം ആഘോഷിച്ചതും.
ഇവിടെ മരുഭൂമിയിൽ നിന്നിതൊക്കെ
സ്വപ്നം കാണാൻ
മാത്രമെ കഴിയൂ.
പൂവില്ല, കുളമില്ല, മരമില്ല,
മുത്തച്ഛനും മുത്തശ്ശിയും
ആരുമില്ല
തിരക്ക് പിടിച്ച
ഈ ജീവിതത്തിൽ
എന്ത്
ഓർമ്മകളുണ്ടാകാനാണ്?

# ആർത്തി മൂത്ത അബ്ദുള്ള !

**ആകാശ് ടോം ജേക്കബ്**
*ഇന്ത്യൻ സ്കൂൾ, മസ്കറ്റ്*



പണ്ടൊരിക്കൽ 'ആർത്തി പണ്ടാരം' എന്നറിയപ്പെടുന്ന അബ്ദുള്ള റഹീം എന്നൊരാൾ ഉണ്ടായിരുന്നു. എന്തു കിട്ടിയാലും വാരിവലിച്ച് തിന്നുക അവന്റെ ഒരു ശീലമായിരുന്നു. അവന് ഒന്നും ലഭിച്ചില്ലെങ്കിൽ അവൻ ഏതെങ്കിലും മൃഗത്തേയോ പക്ഷിയേയോ തല്ലി കൊന്നു തിന്നും ഒരു നേരം പോലും അവന് തിന്നാതിരിക്കാൻ പറ്റില്ല.

ഒരു ഈദ് കാലം, അവൻ ആടുകളെ വിൽക്കുന്ന സ്ഥലത്ത് ചെന്ന് ഒരു മുട്ടനാടിനെ വാങ്ങി. വാങ്ങിയ മുട്ടനാടിനെ അവൻ വീട്ടിൽ കൊണ്ടു പോയി കൂട്ടിലടച്ചു. പാവം ആടുണ്ടോ അറിയുന്നു, അവനെ കൊല്ലാൻ കൊണ്ടു പോയതാണെന്ന്. അടുത്ത ദിവസം അവൻറെ അന്ത്യം ആർത്തി പണ്ടാരത്തിൻറെ കയ്യുകളിലാണ്. കൃത്യം ഈദ് നാളായി. അബ്ദുള്ള ഇതൊന്നും അറിഞ്ഞില്ല.



ബോധം ഇല്ലാത്ത അവൻ ചന്തയിൽ ചെന്നപ്പോൾ ബാങ്കുവിളിയും, ആടിന്റെ ഇറച്ചി വിൽക്കുന്നത് കാണുകയും ഉണ്ടായി. ഇത് കണ്ട അബ്ദുള്ള വീട്ടിലേക്ക് പാഞ്ഞു. അന്നേരം ആട് ഭയങ്കരമായി ടെൻഷൻ അടിച്ച് നിൽക്കുകയായിരുന്നു. അതൊന്നും അബ്ദുള്ളയ്ക്ക് ഒരു വിഷയവുമല്ല. അബ്ദുള്ളയാണേൽ ഒരു ആർത്തി പണ്ടാരവും! ആർത്തിയാൽ അസ്വസ്ഥനായ അബ്ദുള്ള ആടിനെ കൊന്ന് ഇറച്ചി വെട്ടാൻ തുടങ്ങി.

ആടിനെ വെട്ടിക്കൊണ്ടിരിക്കുന്ന സമയത്ത് ആട്ടിറച്ചിയുടെ രുചി മനസ്സിൽ ഓർത്ത അബ്ദുള്ള ആർത്തി മൂത്ത് വേഗത്തിൽ വെട്ടി കൊണ്ടിരുന്നു. അശ്രദ്ധയോടെ വെട്ടിയതിനാൽ വെട്ടു കൊണ്ടത് അബ്ദുള്ളയുടെ കൈപ്പത്തിയിലായിരുന്നു. അങ്ങനെ അവൻ കൈപ്പത്തിയില്ലാത്തവനായി ആയുഷ്ക്കാലം മുഴുവൻ ജീവിച്ചു. 'ആർത്തി വരുത്തി വച്ച വിന'.



മുർഷിദ ഷബാബ് VII.L)
ഇന്ത്യൻ സ്കൂൾ, മസ്കറ്റ്



# വർണ്ണക്കുട



പല പല വർണക്കുട
മഴവില്ലിനെ വെല്ലും കുട
പൂമ്പാറ്റ പോലെ വർണക്കുട
മഴ വരുമ്പോൾ വിടരും കുട
വെയിൽ വരുമ്പോൾ
വിടരും കുട
മഴ പെയ്യിക്കും കുട
പീപ്പീ വിളിക്കും കുട
പിള്ളേരു കളിക്കും കുട
മഴ മഴ ...കുട കുട
വെയിൽ വെയിൽ...കുട കുട
ഹാ..ഹാ! ഇതെന്തൊരു കുട!
പല പല വർണക്കുട!



സരുൺ (ക്ലാസ്:6)
ഇന്ത്യൻ സ്കൂൾ,
ദാർസൈറ്റ്

# ചിറകില്ലാത്ത പക്ഷി



കൂട്ടിലിട്ട
പക്ഷിയെപ്പോലെ ഞാൻ
സ്വാതന്ത്ര്യമില്ലാതെ.
മുകളിലാകാശം,
എന്തു ഭംഗി!
മേഘങ്ങളോടൊപ്പം,
പറക്കാനെനിക്കുകൊതി.
പക്ഷേ
ഞാൻ കൂട്ടിലെ പക്ഷി,
ചിറകില്ലാത്ത പക്ഷി.



# പ്രകൃതി



മീര. എം. നായർ (VII)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

ഒരു
കൊച്ചുവെളിച്ചമെന്നെ
തഴുകിയുണർത്തി
ഓടിച്ചെന്നു ജനലഴിപിടിച്ചു
നിന്നു ഞാൻ
പുറം കാഴ്ചകളെന്നെ മയക്കി



മഞ്ഞകുപ്പായമണിഞ്ഞ
സൂര്യനാമലകളിൽ നിന്നെത്തിനോക്കി
മന്ദമാരുതൻ മരങ്ങളോടും
ചെടികളോടും
പൂക്കളോടും കിന്നാരം
ചൊല്ലിയണഞ്ഞു
പക്ഷികൾ ഈണത്തിൽ പാടി
പൂമ്പാറ്റകൾ നൃത്തം ചെയ്തു
അതുകണ്ടെൻ മനം പൂത്തുലഞ്ഞു
എല്ലാമെനിക്കു വേണ്ടി
എനിക്കു വേണ്ടിയെന്നു തോന്നി





വൈഷ്ണവ് രവി (VII C)
ഇന്ത്യൻ സ്കൂൾ, അൽ മാബേല



# പ്രളയം

നിർത്താതെ പെയ്ത മഴ
നിലയ്ക്കാതെ പെയ്ത മഴ
ഒടുവിൽ അതൊരു പ്രളയമായി
കാണെക്കാണെയതെനിക്കു കൗതുകമായ്
പിന്നെ ഭീതിയായ് മാറി .
അന്നുഞാനറിഞ്ഞു പ്രകൃതിയുടെ തിരിച്ചടി
ഞാൻ നികത്തിയ വയലുകൾ
ഞാനിടിച്ച കുന്നുകൾ
ഞാൻ കെട്ടിയ മതിലുകൾ
ഞാൻ കയ്യേറിയ പുഴകൾ
എനിക്കുതന്നെ വിനയായയെന്ന സത്യം.
വിശപ്പിന്റെ വിളി ഞാനറിഞ്ഞു
മൃത്യുവിൻ കാലൊച്ചയെൻ കാതിൽ മുഴങ്ങി
എങ്കിലും ഞാൻ തിരിച്ചറിഞ്ഞു
സ്നേഹത്തിന്റെ വില
കൂട്ടായ്മയുടെ നന്മ
ഉച്ചനീചത്വമില്ലാതെ ഞങ്ങളെ
ഒരുമിപ്പിച്ചൊരാ പ്രളയം....



# യാത്രയ്ക്കിടെ

ഹൃഷികേശ്.വി (IX)
ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര

മരണം പോലെ പ്രവചനാനീതമായി മാറിയിരിക്കുന്നു കേരളത്തിലെ ഹർത്താലുകൾ. ബാംഗ്ലൂരിൽ നിന്നും ബസ്സിൽ പുറപ്പെടുമ്പോഴാണ് നാട്ടിൽ പിറ്റേദിവസം ഹർത്താലാണെന്ന് അറിയുന്നത്. ഗ്രഹപ്പിഴയ്ക്ക് ബസ്സ് കേടായി വഴിയിൽ കിടന്നപ്പോൾ വീട്ടിൽ വിളിച്ചു പറഞ്ഞിരുന്നു. എത്തുന്ന സമയം കൃത്യമായി പിന്നീട് അറിയിക്കാമെന്നു വിചാരിച്ചു.



കനത്ത മഴ. രാത്രി ഒൻപതു മണിയായപ്പോഴാണ് ബസ്സ് എത്തിച്ചേരുന്നത്. ഫോൺ ഓഫായതു കാരണം വിളിക്കാനും പറ്റുന്നില്ല. കടകളെല്ലാം അടച്ചു കഴിഞ്ഞിരുന്നു. ഒരൊറ്റ ഓട്ടോറിക്ഷ പോലും വഴിയിൽ കാണാനില്ല. നശിച്ച ഒരു ഹർത്താൽ എന്നു ശപിച്ചുകൊണ്ട് ഞാൻ റോഡരികിലൂടെ നടക്കുകയായിരുന്നു. വഴിവിളക്കുകൾ ഒന്നും കത്തുന്നുണ്ടായിരുന്നില്ല. ഇരുട്ടത്തു നടക്കുവാൻ നല്ല പേടിയുമുണ്ടായിരുന്നു. 'ഒടിയൻ' പടം റിലീസായതോടുകൂടി അതേക്കുറിച്ച് വീട്ടിൽ സംസാരമുണ്ടായപ്പോൾ പാലക്കാട്ടുകാരിയായ മുത്തശ്ശി പാലക്കാടൻ ഒടിയന്മാരെക്കുറിച്ച് പൊടിപ്പും തൊങ്ങലും വെച്ച് ഓരോന്ന് പറഞ്ഞു തന്നിരുന്നു. അതോടെ എനിക്ക് രാത്രിയിൽ നടക്കുവാൻ വല്ലാത്ത പേടി തോന്നിയിരുന്നു. കുറച്ച് നടന്നു കഴിഞ്ഞപ്പോഴാണ് വഴി തെറ്റി എന്ന് മനസ്സിലായത്. വാച്ചിൽ നോക്കിയപ്പോൾ അതും നിന്നിരുന്നു. 'ഈശ്വരാ കാക്കണേ'' ഒടിയന്റെ പല രൂപങ്ങൾ മനസ്സിലേക്ക് വരുകയാണ്. ഒരു ജീവിയേയും ആ പരിസരത്തെങ്ങും കാണുന്നുമില്ല. പെട്ടെന്ന് ആരുടേയോ കാലടിശബ്ദം പിന്നിൽ നിന്നും കേട്ടു. തിരിഞ്ഞു നോക്കിയെങ്കിലും കൂരിരുട്ടു കാരണം ആരെയും കാണുവാൻ സാധിച്ചില്ല.

ഭയം എന്റെ സിരകളിലൂടെ പടർന്നു കയറി. ഞാൻ മഴയത്ത് ലക്ഷ്യമില്ലാതെ മുന്നോട്ട് ഓടാൻ തുടങ്ങി. പെട്ടെന്ന് കാൽ ഒരു കല്ലിൽ തട്ടി മറിഞ്ഞു വീണു. പിന്നിലെ കാലടി ശബ്ദം എന്റെ അടുത്തേക്കുവരുന്നു. കണ്ണിറുക്കിയടച്ച് സകല ദൈവങ്ങളേയും പ്രാർഥിച്ച് കിടക്കുമ്പോൾ എന്റെ പുറത്ത് ഒരു കൈ മെല്ലെ തൊട്ട് "മോനേ അപ്പൂ" എന്നു വിളിച്ചു. ആ വിളിയിലെ മധുരം എന്റെ ചങ്കിലെ ഭയത്തെ അലിയിച്ചുകളഞ്ഞു. അതെന്റെ അച്ഛനായിരുന്നു.

# മാതൃസ്നേഹം



*ലിയ വർഗ്ഗീസ് (VIII)*
*ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര ഇൻറർനാഷണൽ*

അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹം നിരുപാധികമാണ്. കുഞ്ഞിൻെറ സുഖത്തിനും സന്തോഷത്തിനും വേണ്ടി അമ്മ എന്തു ത്യാഗവും സഹിക്കാൻ തയ്യാറാണ്. പ്രശസ്ത ബ്രിട്ടീഷ് നോവലിസ്റ്റായ അഗതാ ക്രിസ്റ്റി ഒരിക്കൽ പറയുകയുണ്ടായി.



"ഒരു കുഞ്ഞിനോട് അമ്മയ് ക്കുള്ള സ്നേഹം പോലെ മറ്റൊന്നും ഈ ലോകത്തില്ല. അതിന് ഒരു നിയമവും ബാധകമല്ല. ഈ സ്നേഹം അതിൻെറ വഴിയിൽ വരുന്ന എല്ലാറ്റിനെയും വെല്ലുവിളിക്കുകയും അതിനെ നിർദ്ദയമായി നശിപ്പിക്കുകയും ചെയ്യും.

അമ്മ കൂടെയില്ലാത്ത ഒരു ജീവിതം നമുക്ക് സങ്കൽപ്പിക്കാൻ പോലും കഴിയില്ല. നമ്മുടെ ജീവിതം സുഖകരമാക്കാൻ രാവിലെ മുതൽ രാത്രിവരെ അമ്മ കഠിനാധ്വാനം ചെയ്യുന്നു. അമ്മയോടൊപ്പം സന്തോഷം പങ്കിടുമ്പോൾ അത് ഇരട്ടിക്കുകയും ദു:ഖങ്ങൾ പങ്കിട്ടെടുത്ത് അമ്മ നമ്മെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

മാതൃത്വത്തെ ബഹുമാനിക്കുന്നതിനായി നാം മാതൃദിനം ആഘോഷിക്കുന്നു. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത തിയ്യതികളിലാണ് മാതൃദിനം ആഘോഷിക്കുന്നത്. ലോകത്തെമ്പാടുമുള്ള അമ്മമാരുടെ സ്നേഹത്തെയും ത്യാഗത്തെയും കുറിച്ച് മാതൃദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

"വിളിച്ചാൽ വിളികേൾക്കുന്ന.......
കരഞ്ഞാൽ കണ്ണീർ തുടക്കുന്ന
ഒരേയൊരു ദൈവം അമ്മ!."





അർത്ഥന വൈ. (IX .B)
ഇന്ത്യൻ സ്കൂൾ, അൽ മാബേല



# അനുജത്തി ( ഇര )

*കാമം ഞെരിച്ചുടച്ച ശരീരവുമായി-*
*ഇന്നും കണ്ടു ഞാൻ ആ മുഖം കാഴ്ചപ്പെട്ടിയിൽ.*
*ഭയത്തിന്റെ തീഷ്ണതയിൽ വെന്തു നീറിയ-*
*പുഞ്ചിരി മാഞ്ഞൊരുപെൺകുട്ടി.*
*മണ്ണപ്പം ചുട്ടുകളിക്കേണ്ട പ്രായത്തിൽ*
*ചുഴലിക്കാറ്റു പോലെയെടുത്തവളെ*
*ഇരുളിൽ കിതയ്ക്കുന്ന വേടന്റെ കീഴെ*
*വിയർപ്പറ്റു കിടക്കും ചേതനയറ്റ ബാല്യം.*
*നിമിഷങ്ങളുടെലഹരി തീരും നേരം*
*ഉണരുന്നൂ ബോധം രക്ഷപ്പെടാനായ്.*
*തുനിയുന്നില്ല നരാധമനപ്പോഴും മാറിക്കിടക്കും-*
*കുഞ്ഞിന്റെ നഗ്നതയൊന്നു മറയ്ക്കുവാൻ.*
*ഇരുളിൽ പതിയിരിക്കുന്ന ശുനകരുടെ-*
*തിളങ്ങുന്ന കണ്ണുകളും പല്ലുകളും*
*ഇരുകാലി ചെന്നായ ബാക്കി വച്ച-*
*കുഞ്ഞുശരീരത്തെ കടിച്ചു കീറവെ*
*ഓടിയകലുന്ന കാലടികൾ പോലും*
*കേൾക്കുന്നില്ലാക്കുരുന്നിന്റെ അന്ത്യരോദനം.*
*നഷ്ടമാകുന്നു നിദ്ര.....*
*അകലെയാരൊക്കെയോ നടന്നടു-*
*ക്കുന്ന കാലടി ശബ്ദങ്ങൾ കേട്ട്*
*ഞെട്ടിയുണരുന്നൂ ഞാനിപ്പോഴും രാവിൽ.*
*അടുത്ത 'ഇര' ഒരുപക്ഷേ ഞാനാകുമോ ?*

# പരസ്പരസ്നേഹം



*ഡിയോൺ ഡയസ്സ്( VI A)*
*ഇന്ത്യൻ സ്കൂൾ, അൽ ഗുബ്ര*



ഒരിടത്ത് ഒരു വലിയ വീട്ടിൽ ടോറ എന്നൊരു കൊച്ചുകുട്ടി ഉണ്ടായിരുന്നു. ചെറുപ്പം മുതലേ വലിയ സമ്പന്നതയിൽ ആണ് അവൾ ജീവിച്ചിരുന്നത്. പാവപ്പെട്ടവരുടെ സങ്കടങ്ങളോ പ്രയാസങ്ങളോ ഒന്നും അവൾക്കറിയില്ല. ഒരുപാട് നല്ല വസ്ത്രങ്ങൾ ,നല്ല ഭക്ഷണം .സുഖസൗകര്യങ്ങൾ എല്ലാം അവളെ അഹങ്കാരിയാക്കി മാറ്റി. അങ്ങനെ അവളുടെ ജന്മദിനം വന്നു. ഇത്തവണ അവൾ തന്റെ ജന്മദിനംഒരു അനാഥാലയത്തിൽ ആഘോഷിക്കാൻ തീരുമാനിച്ചു. അവിടെയും തന്നെ എല്ലാവരും അസൂയയോടെ നോക്കുന്നത് അവൾ മനസ്സിൽ കണ്ട് സന്തോഷിച്ചു.

തന്റെ അച്ഛൻ കൊടുത്ത രുചിയേറിയ ഭക്ഷണം അവർ കൊതിയോടെ കഴിക്കുന്നത് അവൾ ഗമയോടെ നോക്കി നിന്നു. അടുത്ത ദിവസം അവൾ പതിവ് പോലെ സ്കൂളിൽ ചെന്നപ്പോൾ അവൾക്ക് പ്രിയപ്പെട്ട അധ്യാപികയോട് അവൾ ഇക്കാര്യങ്ങളെല്ലാം പറഞ്ഞു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ അധ്യാപിക അവളോട് ചോദിച്ചു. 'നീ അൽപനേരമെങ്കിലും അവരോട് സംസാരിക്കുകയോ കൂടെയിരിക്കുകയോ ചെയ്തോ?' 'ഓ, അതിന്റെയൊന്നും ആവശ്യമില്ല'. അവൾ പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു 'മോളെ അങ്ങനെയല്ല. നമ്മൾ മറ്റുള്ളവർക്കൊന്നും കൊടുത്തില്ലെങ്കിലും സാരമില്ല. പക്ഷെ സ്നേഹിക്കാതിരിക്കരുത്. സ്നേഹമാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത്. പരസ്പരം സ്നേഹിക്കുക. ടോറക്കു തന്റെ തെറ്റ് മനസ്സിലായി. അന്നുമുതൽ അവൾ പുതിയ ഒരാളായി മാറി.



# കാണാകൺമണി


സാന്ദ്ര
ഇന്ത്യൻ സ്കൂൾ, സോഹാർ






നാളുകളായ് ഞാൻ കാത്തിരുന്നു
തൂണുകളിൽ ഞാൻ നോക്കിനിന്നു
കിനാവിലെ ജനാലകൾ തുറന്ന് വെച്ചു
എന്നു നീ എന്നരികിൽ വരുമെന്നറിയാൻ.

ഒത്തിരി നേരം നൊന്തു പ്രാർഥിച്ചു
ഇത്തിരി നേരം കൊണ്ട് നീ വരാൻ
ഇത്തിരി നേരം കൊണ്ടൊത്തിരി
കിനാക്കൾ
നിൻ കൂടെ ഒന്നു നിൽക്കാൻ

ആരാരും കാണാതെൻ മിഴികൾ നനഞ്ഞു
ആരോടും പറയാതെൻ മനസ്സിൽ വെച്ചു
എൻ മിഴികൾ നിറയും മൊഴികൾ വിടരും
എന്നരികിൽ നീ
വന്നിരുന്നെങ്കിലാശിക്കുമ്പോൾ

ഒടുവിൽ ദൈവമെനിക്കേകി?
യൊരാമ്പൽ പൂവായെന്നനിയത്തി
പുഞ്ചിരി തൂകുന്നൊരെൻ
കുഞ്ഞനിയത്തി,
നിൻ ചേച്ചിയായ് ഞാൻ നിന്നരികിൽ
സ്നേഹം കൊണ്ടു മൂടാൻ ഇന്നും
എന്നും...

# എന്നെ ചതിച്ച മഴ




ഷ്ണവി
ർ സ്കൂൾ, സോഹാർ


നീ എന്നെ ചതിച്ചല്ലോ മഴേ!
എന്റെ കുടിയും പോയി
എന്റെ അന്നവും മുടക്കിയ മഴേ
എല്ലാവരും നിന്നെ പ്രളയമെന്നു
വിളിക്കുന്നു.
നീയെന്തിനു വന്നു?
എന്നെ, ചതിക്കാനോ? അതോ
ഈ നാടിനെ ചതിക്കാനോ?
സന്തോഷമായില്ലേ നിനക്ക്!
നീ വന്നിട്ടു പോയി,പക്ഷെ
എന്നെ വിട്ടുപോയ ആരും
മടങ്ങിവന്നതേയില്ലാ....
എനിക്കിനി ആരുമില്ലാ
നീ പോയപ്പോൾ എന്നേക്കൂടി
കൊണ്ടുപോയില്ലല്ലോ മഴേ
എന്നെ, ചതിച്ച മഴേ!





ഷാരൺ റെയ്ച്ചൽ ബൈജു
ഇന്ത്യൻ സ്കൂൾ, സോഹാർ



# ഓർമ്മകളേ മായരുതേ...

ഓർമ്മകളേ മായരുതേ,
നിങ്ങളില്ലെങ്കിൽ ഞാൻ
മറ്റാരെയോർക്കും
ഓർമ്മകളേ മായരുതേ!
എന്നെ സന്തോഷിപ്പിച്ച ഓർമ്മകളേ
അച്ഛനമ്മമാരോടൊത്തു സന്തോഷിച്ചതും
സഹോദരങ്ങളോടൊത്തുകളിച്ചതും
കുടുംബമായി ചിരിച്ചതുമായ
ഓർമ്മകളേ മായരുതേ...
എന്നെപ്പിരിഞ്ഞു പോകരുതേ..
എന്നെ സങ്കടപ്പെടുത്തിയ ഓർമ്മകളേ
എന്റെ മനസ്സിൽനിന്നു മായരുതേ
നിങ്ങളാണല്ലോ എനിക്ക് ധൈര്യം പകർന്നത്
നിങ്ങളാണല്ലോ എന്നെ ജീവിക്കാൻ പഠിപ്പിച്ചത്
ഓർമ്മകളേ മായരുതേ,
എന്നെപ്പിരിഞ്ഞു പോകരുതേ...
ഞാൻ നടക്കുമ്പോൾ
എന്നോടൊപ്പം നടക്കേണമേ
എന്റെ കാല്ച്ചുവടിനൊപ്പം
എന്നെ പിന്തുടരേണമേ
ഓർമ്മകളേ മായരുതേ..



ലിയ എൽസ നെബു
ഇന്ത്യൻ സ്കൂൾ, സോഹാർ



# എൻ പ്രിയ സഖി

മിഴിയോരം പാറിവന്നു നീ കൂട്ടുകാരി
പ്രിയതേ നീ എവിടെ?
മഴത്തുള്ളികൾ പൊഴിയും നേരത്ത്
ഘനങ്ങൾ പാടും നേരത്ത്
നദികൾ ഒഴുകും തീരത്ത്
കണ്ണുകൾ ചിമ്മി വന്നു നീ...
കാത്തിരിപ്പിൻ നാളുകൾ നീളുമ്പോൾ
മമസഖീ മറന്നീടല്ലെ നിൻ
പ്രിയതോഴിയേയും
എൻ കവിതകളേയും
കാലമെത്ര കടന്നിട്ടും ഓർമ്മതൻ
ചെപ്പിൻ നിറയുന്നു നീ
വന്നല്ലോ പ്രിയസഖി, നീയെന്നരികിൽ
വന്നല്ലോ
വിടരട്ടെ പൂക്കാലം സൗഹൃദത്തിൻ
പൂക്കാലം
പടരട്ടെ നറുമണം സ്നേഹത്തിൻ
പരിമളം
നിന്നെ കാണുമ്പോൾ ലോകം മുഴുവൻ
മറന്നതുപോലെ
അനശ്വരമായിത്തീരട്ടെ ഈ
സ്നേഹത്തിൻ സൗഹൃദം
വന്നല്ലോ എന്നരികെ മമസഖി നീ......

# തിരിച്ചറിവ്

യദുകൃഷ്ണ
ഇന്ത്യൻ സ്കൂൾ, സോഹാർ






ഈയടുത്തൊരു ദിവസം സ്ക്കൂളിൽവച്ച് എനിക്ക് കലശലായ ഒരു തലവേദന അനുഭവപ്പെട്ടു.. സിക്ക്റൂമിൽ പോയി മരുന്ന് പുരട്ടിയെങ്കിലും വേദനയ്ക്ക് ഒട്ടും കുറവുണ്ടായില്ലാ. വീട്ടിലെത്തി വേദനയ്ക്കുള്ള ഗുളിക കഴിച്ചിട്ടും കുറയാഞ്ഞതുകൊണ്ട് അച്ഛനും അമ്മയും കൂടി ഹോസ്പിറ്റലിൽ കൊണ്ടുപോയി. കുറച്ചു ദിവസമായി ഇടയ്ക്ക് വലതുകണ്ണിന് ഒരു മൂടൽപോലെ തോന്നിയിരുന്നു.. അതുകൊണ്ട് കണ്ണിന്റെ ഡോക്ടറെയാണ് കണ്ടത്.

ഒരു മണിക്കൂർ നേരം ഇടയ്ക്കിടയ്ക്ക് കണ്ണിൽ മരുന്നൊഴിച്ചുകൊണ്ട് ഡോക്ടർ വിശദമായി പരി ശോധിച്ചു. കണ്ണട വേണ്ടിവരുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ, കണ്ണട ആവശ്യമി ല്ലാ, മൊബൈലിന്റെയും മറ്റും കൂടുതലുള്ള ഉപയോഗം കാരണം കണ്ണിന് സ്ട്രെയിൻ കൂടിയതാണ്. അത് നിറുത്തിയാൽ മതി എന്നാണ് ഡോക്ടർ പറഞ്ഞത്.

അച്ഛനും അമ്മയും ഇതെല്ലാം പറഞ്ഞു തരുമായിരുന്നെങ്കിലും ഞാൻ അത്ര വില കല്പിച്ചിരുന്നില്ലാ.. ഇപ്പോൾ അനുഭവമുണ്ടായപ്പോൾ മാത്രമാണ് എനിക്ക് തിരിച്ചറിവുണ്ടായത്.

അതിനേക്കാൾ കൂടുതൽ ഞാൻ വേറൊരു സത്യം മനസ്സിലാക്കി.കണ്ണിനു കാഴ്ച്ചയില്ലാത്ത ആളുകളുടെ വിഷമവും ബുദ്ധിമുട്ടും.. കണ്ണിൽ മരുന്നൊഴിച്ചിരുന്ന ആ ഒരു മണിക്കൂർ... കണ്ണ് തുറക്കാൻ പറ്റാതെ ഞാൻ വളരെ കഷ്ടപ്പെട്ടു. പിന്നെ ഒരടി നടക്കാൻപോലും എനിക്ക് അച്ഛന്റേയും അമ്മയുടേയും സഹായം വേണ്ടിവന്നു. അപ്പോൾ ഞാൻ തിരിച്ചറിയുകയായിരുന്നു കാഴ്ചശക്തിയില്ലാത്തവരുടെ ദു:ഖം.

'കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയറിയില്ലാ' എന്നത് എത്ര ശരിയാണ്. കുട്ടുകാരേ.. നമുക്ക് ദൈവം തന്ന കണ്ണുകളെ സംരക്ഷിക്കാം... ഒപ്പം മരിക്കുമ്പോൾ വെറുതെ നശിച്ചുപോകുന്ന കണ്ണുകൾ ജീവിച്ചിരിക്കുന്ന ഒരാൾക്കെങ്കിലും കാഴ്ച്ച കിട്ടാനായി ദാനം ചെയ്യാം..





# അച്ഛന്റെ ആഗ്രഹം

അമാൻ റഷീദ്
ഇന്ത്യൻ സ്കൂൾ, അൽ സീബ്

അങ്ങകലെ തേന്മാവ് എന്നുപേരുള്ള ഒരു ഗ്രാമം ഉണ്ടായിരുന്നു. അവിടെ സാധാരണ ജനങ്ങളാണ് വസിച്ചിരുന്നത്. സന്തോഷത്തോടും ഐക്യത്തോടും അവർ ജീവിച്ചു. പരസ്പരം സഹായിച്ചു. വേലായുധൻ ഒരു കൂലിപ്പണിക്കാരനായിരുന്നു. വളരെ കഷ്ടപ്പെട്ടാണ് അദ്ദേഹം മകനെ പഠിപ്പിച്ചത്. പഠനത്തിൽ അവൻ ഒന്നാമനായിരുന്നു. അവനുവേണ്ടി അദ്ദേഹം രാപകൽ അധ്വാനിച്ചു. എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. ഉപരിപഠനത്തിനായി അവൻ കോളജിൽ ചേർന്നു. പരീക്ഷ അടുത്തുവന്നു. നന്നായി പഠിക്കണമെന്ന് അദ്ദേഹം എപ്പോഴും മകനെ ഓർമ്മിപ്പിച്ചു. അവൻ സന്തോഷത്തോടെ പഠനം തുടർന്നു.

അങ്ങനെയിരിക്കെ ഒരുദിവസം അവന്റെ കൂട്ടുകാർ വീട്ടിലെത്തി. അവരുടെ മുഖം മ്ലാനമായിരുന്നു. അദ്ദേഹം അവരെ സ്വീകരിച്ചിരുത്തി. കാരണം തിരക്കി. വേലായുധന്റെ മകൻ രാഷ്ട്രീയ സംഘട്ടനത്തിൽ ഏർപ്പെട്ട് ജയിലിൽ ആയിരിക്കുന്നുവെന്ന് കുട്ടികൾ പറഞ്ഞു. അവന് പരീക്ഷ എഴുതുവാനും കഴിഞ്ഞില്ല. ഇത് കേട്ട് അദ്ദേഹത്തിന് തല കറങ്ങുന്നതുപോലെ തോന്നി. തന്റെ എല്ലാ ആഗ്രഹങ്ങളും ഒരു നിമിഷംകൊണ്ട് തകർന്നു തരിപ്പണമായിരിക്കുന്നു. അധികം താമസിയാതെ അദ്ദേഹം ഒരു ഭ്രാന്തനായി മാറി.



അലോണ ബെന്നി (VIII C)
ഇന്ത്യൻ സ്കൂൾ, അൽ മാബേല





# അസ്തിത്വദു:ഖം

അടിച്ചെന്നെ വേദനിപ്പിച്ചോളൂ നിങ്ങൾ...
വേദനിക്കില്ല ഞാൻ
ക്രൂരമായ വാക്കുകൾ കൊണ്ടെന്നെ
മുറിവേൽപ്പിച്ചാൽ വേദനിക്കും ഞാൻ
തെറ്റെന്തു ചെയ്തു ഞാൻ ചൊല്ലൂ നീ..
തെറ്റെന്തു ചെയ്തു ഞാൻ.
ഞാനൊരു പാവം പൈതലല്ലേ.
ഹൃദയം പൊടിഞ്ഞതിൻ വേദന
ഒരു കണ്ണീർപ്പുഴയായ് ഒഴുകുന്നു...
തകരുന്നു ഞാൻ.
മരിക്കുന്നു ഞാൻ...
അസ്തിത്വദു:ഖത്താൽ ഇല്ലാതാകുന്നൂ
ഞാൻ.....



# മൊഴി

എഴുത്തും വായനയും
ജൈവസംസ്കൃതിയുടെ
ഭാഗമാണെന്ന
തിരിച്ചറിവു നൽകാൻ
'നല്ലോല'പ്പുരകൾ
വഴിതെളിക്കും.
ഇതു തുടക്കമല്ല,
തുടർച്ചയാണ്.
'നല്ലോല'യ്ക്കു ജീവൻ
നല്കിയ
എല്ലാവർക്കും
നന്ദി.